©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

**(FIFTEENTH KERALA LEGISLATIVE ASSEMBLY)**

# സബ്ജക്ട് കമ്മിറ്റി V

# (SUBJECT COMMITTEE V)

# മരാമത്തും ഗതാഗതവും വാർത്താവിനിമയവും

# (WORKS, TRANSPORT AND COMMUNICATIONS)

## പീരിയോഡിക്കൽ റിപ്പോർട്ട്

**(2021 മാർച്ച് 31 വരെയുള്ളത്)**

**(PERIODICAL REPORT AS ON 31st MARCH, 2021)**

**കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്**

**[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]**

**2021 ജൂലൈ 26-ാം തീയതി സമർപ്പിച്ചത്**
**(Presented on 26th July, 2021)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2021

പതിനഞ്ചാം കേരള നിയമസഭ

(FIFTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി V
# (SUBJECT COMMITTEE V)

# മരാമത്തും ഗതാഗതവും വാർത്താവിനിമയവും
# (WORKS, TRANSPORT AND COMMUNICATIONS)

പീരിയോഡിക്കൽ റിപ്പോർട്ട്

(2021 മാർച്ച് 31 വരെയുള്ളത്)

(PERIODICAL REPORT AS ON 31st MARCH, 2021)

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under Rule 239(1) of the Rules of Procedure and Conduct of Business in the Kerala Legislative Assembly]

942/2021.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| കമ്മിറ്റിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 7 |

# സബ്ജക്ട് കമ്മിറ്റി V

## (മരാമത്തും ഗതാഗതവും വാർത്താവിനിമയവും)
## (2021-2023)

**ഘടന**

<u>ചെയർമാൻ :</u>

ശ്രീ. പി. എ. മുഹമ്മദ് റിയാസ്,
പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി.

<u>എക്സ്-ഒഫീഷ്യോ അംഗങ്ങൾ :</u>

ശ്രീ. ആന്റണി രാജു,
ഗതാഗത വകുപ്പുമന്ത്രി,

ശ്രീ. അഹമ്മദ് ദേവർകോവിൽ,
തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി.

<u>അംഗങ്ങൾ:</u>

ശ്രീ. മോൻസ് ജോസഫ്

ഡോ. എം. കെ. മുനീർ

ശ്രീ. പ്രമോദ് നാരായൺ

ശ്രീ. കെ. പ്രേംകുമാർ

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. പി. പി. സുമോദ്

ശ്രീ. വി. ആർ. സുനിൽ കുമാർ

ശ്രീ. പി. ടി. തോമസ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീമതി രജനി വി. ആർ., ജോയിന്റ് സെക്രട്ടറി

ശ്രീമതി ഷീബാ വർഗീസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി അമ്പിളി പി., അണ്ടർ സെക്രട്ടറി.

# അവതാരിക

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 239(1) അനുസരിച്ച് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V (2019-2021), 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ സമിതി 22-7-2020, 21-10-2020, 25-11-2020, 24-2-2021 എന്നീ തീയതികളിലായി 4 യോഗങ്ങൾ ചേരുകയുണ്ടായി. വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ സ്റ്റേറ്റ്മെന്റുകൾ, കരട് ചട്ടങ്ങൾ, 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട്, 2019 എപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് എന്നിവയുടെ പരിഗണന, ചട്ടങ്ങളുടെ സാധൂകരണം, സമിതി ശിപാർശകളിന്മേൽ വകുപ്പുകൾ ലഭ്യമാക്കിയ നടപടി റിപ്പോർട്ടുകളുടെ പരിഗണന എന്നിവയ്ക്കായാണ് സമിതി യോഗങ്ങൾ ചേർന്നത്. പ്രസ്തുത യോഗങ്ങളിലെ ശരാശരി ഹാജർനില 71.13% ആയിരുന്നു.

ഈ റിപ്പോർട്ട് 7 അദ്ധ്യായങ്ങളായാണ് തയ്യാറാക്കിയിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

അദ്ധ്യായം I—സമിതി സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

അദ്ധ്യായം II—സമിതി പരിശോധിച്ച ബില്ലുകൾ

അദ്ധ്യായം III—സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.-കൾ

അദ്ധ്യായം IV—നിയമസഭാ ചട്ടം 235 എ പ്രകാരം സമിതി ചർച്ച ചെയ്ത വിഷയങ്ങൾ

അദ്ധ്യായം V—നിയമസഭാ ചട്ടം 236(6) പ്രകാരം സഭയിൽ സമർപ്പിച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

അദ്ധ്യായംVI—(a) 2020-21-ലെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

(b) വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ ലഭിച്ചതും സമിതി പരിഗണിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകളുടെ വിശദാംശങ്ങൾ.

അദ്ധ്യായം VII—സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ

യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2021 ജൂലൈ 7-ാം തീയതി ചേർന്ന യോഗത്തിൽ സമിതി അംഗീകരിച്ചു.

പി. എ. മുഹമ്മദ് റിയാസ്,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി V.*

തിരുവനന്തപുരം,
2021 ജൂലൈ 7.

# 1-4-2020 മുതൽ 31-3-2021 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ട്

## അദ്ധ്യായം I

## സഭയിൽ സമർപ്പിച്ച റിപ്പോർട്ടുകൾ

(1) മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെ 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് 22-7-2020-ലെ യോഗത്തിൽ സമിതി അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 24-8-2020-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(2) സമിതിയുടെ 2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടിന്റെ കരട് 22-7-2020-ലെ യോഗത്തിൽ അംഗീകരിക്കുകയും പ്രസ്തുത റിപ്പോർട്ട് 24-8-2020-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തു.

## അദ്ധ്യായം II

## സമിതി പരിശോധിച്ച ബില്ലുകളുടെ വിശദാംശം

ഇല്ല.

## അദ്ധ്യായം III

## സമിതി പരിഗണിച്ച ചട്ടങ്ങൾ/എസ്.ആർ.ഒ.കളുടെ വിശദാംശങ്ങൾ

സമിതിയുടെ 21-10-2020-ലെ യോഗം 1989-ലെ കേരള മോട്ടോർ വാഹന (ഭേദഗതി) ചട്ടങ്ങളുടെ കരട് പരിഗണിക്കുകയും ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ 21-10-2020-ലെ യോഗം 2019-ലെ കേരള ട്രാൻസ്പോർട്ട് സബോർഡിനേറ്റ് സർവ്വീസ് (ഭേദഗതി) ചട്ടങ്ങൾ (S.R.O. 718/2019), 2019-ലെ കേരള മോട്ടോർ വാഹന (നാലാം ഭേദഗതി) ചട്ടങ്ങൾ (S.R.O. 562/2019) എന്നിവ പരിഗണിക്കുകയും സാധൂകരിക്കുകയും ചെയ്തു.

## അദ്ധ്യായം IV

## ചട്ടം 235 എ പ്രകാരം ചേർന്ന യോഗങ്ങൾ സംബന്ധിച്ച വിശദാംശം

ഇല്ല.

അദ്ധ്യായം V

## കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(6) പ്രകാരം സഭയുടെ മേശപ്പുറത്തുവച്ച വാർഷിക പ്രവർത്തന റിപ്പോർട്ടുകൾ

| ധനാഭ്യർത്ഥന നമ്പർ | സാമ്പത്തിക വർഷം | വകുപ്പ് | സഭയുടെ മേശപ്പുറത്തുവച്ച തീയതി |
|---|---|---|---|
| XLI—ഗതാഗതം | 2018-19 | സംസ്ഥാന ജലഗതാഗത വകുപ്പ് (കാലതാമസപത്രിക സഹിതം) | 13-1-2021 |

അദ്ധ്യായം VI

## (a) 2020-21-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സംബന്ധിച്ച സംഗ്രഹം

| ആകെ ശിപാർശകളുടെ എണ്ണം | റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള മറുപടി ലഭിച്ച ശിപാർശകളുടെ ഖണ്ഡിക നമ്പർ | മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ഖണ്ഡിക നമ്പർ | മറുപടി ലഭിക്കുവാനുള്ള ശിപാർശകളുടെ ആകെ എണ്ണം |
|---|---|---|---|
| 144 | 11-121, 139 | 1-10, 122-138, 140-144 | 32 |

(b) വിവിധ വർഷങ്ങളിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സഭയിൽ സമർപ്പിച്ചിട്ടുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റ് ബഹു. വകുപ്പുമന്ത്രി സഭയിൽ സമർപ്പിക്കുകയും നടപടി സ്റ്റേറ്റ്മെന്റ് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## 2019-20 സാമ്പത്തിക വർഷത്തെ നാലാമത് റിപ്പോർട്ട്

**ശിപാർശ**

3075-60-001-98-01-4—മറ്റ് ഗതാഗത സർവ്വീസുകൾ-മറ്റുള്ളവ-ഭരണവും നടത്തിപ്പും-മേൽനോട്ടം-ശമ്പളം-മെഡിക്കൽ റീഇമ്പേഴ്സ്മെന്റ്

മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് ഇനത്തിലുള്ള കുടിശ്ശിക നൽകുന്നതിന് ഈ ശീർഷകത്തിൽ 3 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 117)

<u>സ്വീകരിച്ച നടപടി</u>

മെഡിക്കൽ റീഇമ്പേഴ്സ്മെന്റ് ഇനത്തിലുള്ള കുടിശ്ശിക നൽകുന്നതിന് ഈ ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

(റഫറസ് നമ്പർ എ 1/102/2019/സി.എസ്.ഐ.എൻ.ഡി., തീയതി 29-9-2020)

(കാലതാമസപത്രിക 13-1-2021-ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

3075-60-001-98-04-4—മറ്റ് ഗതാഗത സർവ്വീസുകൾ-മറ്റുള്ളവ-ഭരണവും നടത്തിപ്പും-മേൽനോട്ടം-യാത്രാചെലവുകൾ-അവധി യാത്രാനുകൂല്യം

അവധി യാത്രാനുകൂല്യത്തിനുള്ള കുടിശ്ശിക നൽകുന്നതിന് ഈ ശീർഷകത്തിൽ 1.52 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 118)

<u>സ്വീകരിച്ച നടപടി</u>

അവധി യാത്രാനുകൂല്യത്തിനുള്ള കുടിശ്ശിക നൽകുന്നതിന് ഈ ശീർഷകത്തിൽ അധിക തുകയൊന്നും അനുവദിച്ചിട്ടില്ല.

(റഫറസ് നമ്പർ എ 1/102/2019/സി.എസ്.ഐ.എൻ.ഡി., തീയതി 29-9-2020)

(കാലതാമസപത്രിക 13-1-2021-ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

3075-60-001-98-05-03—മറ്റു ഗതാഗത സർവ്വീസുകൾ-മറ്റുള്ളവ-ഭരണവും നടത്തിപ്പും-മേൽനോട്ടം-ഓഫീസ് ചെലവുകൾ-ടെലിഫോൺ ചെലവ്

ഈ ശീർഷകത്തിലുള്ള കുടിശ്ശിക ബിൽ തീർക്കുന്നതിന് 14,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 119)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിലുള്ള കുടിശ്ശിക ബിൽ തീർക്കുന്നതിന് 14,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

(റഫറസ് നമ്പർ എ 1/102/2019/സി.എസ്.ഐ.എൻ.ഡി., തീയതി 29-9-2020)

(കാലതാമസപത്രിക 13-1-2021-ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

3075-60-001-98-21-2— മറ്റ് ഗതാഗത സർവ്വീസുകൾ-മറ്റുള്ളവ-ഭരണവും നടത്തിപ്പും-മേൽനോട്ടം-മോട്ടോർ വാഹനങ്ങൾ-സംരക്ഷണവും അറ്റകുറ്റപ്പണികളും

ഇൻലാന്റ് നാവിഗേഷൻ ഡയറക്ടറുടെ കാര്യാലയത്തിലുള്ള മീറ്റിംഗുകൾക്കും പരിശോധനയ്ക്കായുമുള്ള യാത്രാചെലവുകൾക്കും വാഹനത്തിന്റെ അറ്റകുറ്റപ്പണികൾക്കും സ്പെയർ പാർട്സുകളുടെ വിലയിലും ഇൻഷ്വറൻസ് പ്രീമിയത്തിലുമുണ്ടായ വർദ്ധനവുമൂലം ഉള്ള കുടിശ്ശിക നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 30,000 രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക 120)

<u>സ്വീകരിച്ച നടപടി</u>

യാത്രാച്ചെലവുകൾക്കും വാഹനത്തിന്റെ അറ്റകുറ്റപ്പണികൾക്കും സ്പെയർ പാർട്സുകളുടെ വിലയിലും ഇൻഷ്വറൻസ് പ്രീമിയത്തിലുമുണ്ടായ വർദ്ധനവുമൂലം ഉള്ള കുടിശ്ശിക നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 30,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

(റഫറസ് നമ്പർ എ 1/102/2019/സി.എസ്.ഐ.എൻ.ഡി., തീയതി 29-9-2020)

(കാലതാമസപത്രിക 13-1-2021-ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

3075-60-001-98-45— മറ്റു ഗതാഗത സർവ്വീസുകൾ-മറ്റുള്ളവ-ഭരണവും നടത്തിപ്പും-മേൽനോട്ടം- പി.ഒ.എൽ.

പി.ഒ.എൽ. ഇനത്തിലുള്ള കുടിശ്ശിക നൽകുന്നതിന് ഈ ശീർഷകത്തിൽ 60,000 രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 121)

<u>സ്വീകരിച്ച നടപടി</u>

പി.ഒ.എൽ. ഇനത്തിലുള്ള കുടിശ്ശിക നൽകുന്നതിന് ഈ ശീർഷകത്തിൽ 34,000 രൂപ അധികമായി അനുവദിച്ചിട്ടുണ്ട്.

(റഫറസ് നമ്പർ എ 1/102/2019/സി.എസ്.ഐ.എൻ.ഡി., തീയതി 29-9-2020)

(കാലതാമസപത്രിക 13-1-2021-ന് സഭയിൽ സമർപ്പിച്ചു.)

**ശിപാർശ**

5075-60-800-86— മറ്റ് ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ്-മറ്റുള്ളവ– മറ്റുചെലവുകൾ-ദേശീയ ജലപാത(III)-യുമായി അനുബന്ധ കനാലുകളെ ബന്ധിപ്പിക്കുന്നതിനുള്ള പദ്ധതി (ആർ.ഐ.ഡി.എഫ്.)

കോഴിക്കോട് ജില്ലയിലെ മൂഴിക്കൽ, മലപ്പുറം ജില്ലയിലെ വെളിയംകോട് എന്നിവിടങ്ങളിലെ ലോക്ക്-കം-ബ്രിഡ്ജ് വർക്കിനായി ഈ ശീർഷകത്തിൽ 45 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(ഖണ്ഡിക : 125)

<u>സ്വീകരിച്ച നടപടി</u>

NABARD-RIDF Tranche XXV-ൽ ഉൾപ്പെട്ട മലപ്പുറം ജില്ലയിലെ വെളിയംകോട് ലോക്ക് കം ബ്രിഡ്ജ് നിർമ്മാണത്തിനായി 29.87 കോടി രൂപയുടെ പദ്ധതി രേഖ നബാർഡ് അംഗീകരിച്ചതിൻപ്രകാരം ഭരണാനുമതി മാത്രമേ പുറപ്പെടുവിച്ചിട്ടുള്ളൂ. സാങ്കേതികാനുമതി, പ്രവൃത്തി ആരംഭിക്കുന്നതിനുള്ള അനുമതി എന്നിവ നൽകിക്കഴിഞ്ഞ് പ്രവൃത്തി ആരംഭിച്ച് ബില്ല് സമർപ്പിച്ചുകഴിയുമ്പോൾ മാത്രമേ റീ-ഇംബേഴ്സ് ചെയ്യുന്നതിനായി ഫണ്ടിന്റെ ആവശ്യം വരുന്നുള്ളൂ. ആയതിനാൽ നബാർഡ് RIDF Tranche XXV-ൽ ഉൾപ്പെട്ട മലപ്പുറം ജില്ലയിലെ വെളിയംകോട് ലോക്ക്-കം-ബ്രിഡ്ജ് നിർമ്മാണപ്രവൃത്തിക്കായി ഈ സാമ്പത്തിക വർഷം ഫണ്ടിന്റെ ആവശ്യകത ഉണ്ടാകുവാനുള്ള സാഹചര്യം വിരളമായതിനാൽ 2019-20 സാമ്പത്തിക വർഷത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴിയോ ഫണ്ട് വകയിരുത്തേണ്ട സാഹചര്യം ഇല്ലാത്തതിനാൽ അധിക തുകയൊന്നും അനുവദിച്ചിട്ടില്ല. കൂടാതെ കോഴിക്കോട് ജില്ലയിലെ മൂഴിക്കൽ ലോക്ക്-കം-ബ്രിഡ്ജിനും LoC ( ലെറ്റർ ഓഫ് ക്രെഡിറ്റ്) പ്രൊപ്പോസൽ ലഭ്യമാക്കാത്ത സാഹചര്യത്തിൽ അധിക തുകയൊന്നും അനുവദിച്ചിട്ടില്ലാത്തതാണ്.

(റഫറസ് നമ്പർ എ 1/102/2019/സി.എസ്.ഐ.എൻ.ഡി., തീയതി 29-9-2020)

(കാലതാമസപത്രിക 13-1-2021-ന് സഭയിൽ സമർപ്പിച്ചു.)

## <u>അദ്ധ്യായം VII</u>

## സമിതിയുടെ പ്രത്യേക റിപ്പോർട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ

2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള കാലയളവിൽ സമിതി പ്രത്യേക റിപ്പോർട്ടുകൾ ഒന്നും സമർപ്പിച്ചിട്ടില്ല.

പി. എ. മുഹമ്മദ് റിയാസ്

തിരുവനന്തപുരം,
2021 ജൂലൈ 7.

*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി V.*

അനുബന്ധം

## 22-7-2020-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2020 ജൂലൈ 22-ാം തീയതി ബുധനാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുമായ ശ്രീ. ജി. സുധാകരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും ബഹു. ഗതാഗത വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രനും വീഡിയോ കോൺഫറൻസ് മുഖേന യോഗത്തിൽ പങ്കെടുത്തു.

ഹാജരായ അംഗങ്ങൾ:

1. ശ്രീ. ഒ. രാജഗോപാൽ, എം.എൽ.എ.

വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത അംഗങ്ങൾ:

1. ശ്രീ. ജോൺ ഫെർണാണ്ടസ്, എം.എൽ.എ.
2. ശ്രീ. കെ. സി. ജോസഫ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി എസ്. ജയശ്രീ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി രജനി വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ദീപക് എസ്. വി., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. കെ. ആർ. ജ്യോതിലാൽ, പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗത വകുപ്പ്
2. ശ്രീ. ആനന്ദ് സിംഗ്, സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
3. ശ്രീമതി എസ്. മാലിനി, അഡീഷണൽ സെക്രട്ടറി, ഗതാഗത വകുപ്പ്
4. ശ്രീമതി ഡാർലിൻ ഡിക്രൂസ്, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (കേരള റോഡ് ഫണ്ട് ബോർഡ്)
5. ശ്രീ. ഹൈജീൻ ആൽബർട്ട്, ചീഫ് എൻജിനീയർ (കെട്ടിട വിഭാഗം), പൊതുമരാമത്ത് വകുപ്പ്

6. ശ്രീമതി റ്റി. എസ്. സിന്ധു, ചീഫ് എൻജിനീയർ (റോഡ് മെയിന്റനൻസ്), പൊതുമരാമത്ത് വകുപ്പ്

7. ശ്രീമതി കെ. ആർ. മധുമതി, ചീഫ് എൻജിനീയർ, (ഡിസൈൻ), പൊതുമരാമത്ത് വകുപ്പ്

8. ശ്രീ. സാംസൺ ജോൺ, മാനേജർ, റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ്

9. ശ്രീ. കെ. രവീന്ദ്രൻ ആശാരി, സീനിയർ ഫിനാൻസ് ഓഫീസർ (ബിൽഡിംഗ്സ്), പൊതുമരാമത്ത് വകുപ്പ്

10. ശ്രീ. ലൂയിസ് എ. ഫെർണാണ്ടസ്, സീനിയർ ഫിനാൻസ് ഓഫീസർ, (റോഡ്സ് & ബ്രിഡ്ജ്സ്).

<u>വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത ഉദ്യോഗസ്ഥൻ:</u>

1. ശ്രീ. സഞ്ജയ് കൗൾ, സെക്രട്ടറി, തുറമുഖ വകുപ്പ്.

യോഗത്തിൽ സമിതി താഴെപ്പറയുന്ന വിഷയങ്ങൾ പരിഗണിച്ചു:

I. 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ തുറമുഖ വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റ്

2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ തുറമുഖ വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 86 മുതൽ 105 വരെയുള്ള ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

തുറമുഖ വകുപ്പുമായി ബന്ധപ്പെട്ട എല്ലാ ശീർഷകങ്ങളിലും, സാലറി ഹെഡ് ഒഴികെ സമിതി ശിപാർശ ചെയ്ത തുക അനുവദിച്ചിട്ടുള്ളതായി തുറമുഖ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് വിഴിഞ്ഞം പദ്ധതിയുടെ നിലവിലുള്ള സ്ഥിതി സമിതി ആരാഞ്ഞു.

ഷെഡ്യൂൾ പ്രകാരം വിഴിഞ്ഞം തുറമുഖത്തിന്റെ പണി പൂർത്തീകരിക്കുന്നതിനുള്ള സമയപരിധി 2019 ഡിസംബർ ആയിരുന്നുവെന്നും എന്നാൽ പ്രസ്തുത കാലയളവിൽ പണി

പൂർത്തീകരിക്കുവാൻ സാധിച്ചില്ലായെന്നും നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പ്രധാനപ്പെട്ട പ്രവൃത്തിയായ ബ്രേക്ക് വാട്ടർ കൺസ്ട്രക്ഷന്റെ 25 ശതമാനം മാത്രമാണ് പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുള്ളതെന്നും തുറമുഖ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

പ്രസ്തുത പ്രവൃത്തിക്കാവശ്യമായ പാറ ലഭ്യമല്ലാത്ത സാഹചര്യം തുറമുഖ നിർമ്മാണത്തെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണെന്നും പ്രധാനപ്പെട്ട പ്രവൃത്തിയായ ബ്രേക്ക് വാട്ടർ കൺസ്ട്രക്ഷനിലുണ്ടായിരിക്കുന്ന കാലതാമസമാണ് വിഴിഞ്ഞം പദ്ധതിയുടെ പൂർത്തീകരണ ത്തിന് തടസ്സം സൃഷ്ടിക്കുന്നതെന്നും പോർട്ട് ടെർമിനൽ ബിൽഡിംഗുകളുടെയും പോർട്ടിൽ നിന്ന് ഹൈവേ വരെ നീളുന്ന റോഡ് കണക്റ്റിവിറ്റിയുടെയും നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുകയാണെന്നും അവലോകന യോഗങ്ങൾ കൂടുന്നതായും തുറമുഖ വകുപ്പ് സെക്രട്ടറി കൂട്ടിച്ചേർത്തു.

50 ലക്ഷം മെട്രിക് ടൺ പാറയാണ് പദ്ധതിയുടെ പ്രവൃത്തികൾക്ക് ആവശ്യമായിട്ടുള്ളതെന്നും എന്നാൽ നിലവിൽ 1000 മെട്രിക് ടൺ പാറ മാത്രമാണ് ഒരു ദിവസം ലഭിക്കുന്നതെന്നും പാറയുടെ ലഭ്യത ഉറപ്പാക്കാൻ സാധിച്ചാൽ മാത്രമേ പദ്ധതി പ്രവൃത്തികൾ വേഗത്തിലാക്കാൻ സാധിക്കുകയുള്ളുവെന്നും തുറമുഖ വകുപ്പ് സെക്രട്ടറി പറഞ്ഞു. പാറയുടെ ലഭ്യത ഉറപ്പ് വരുത്തുന്നതുമായി ബന്ധപ്പെട്ട് അഭിമുഖീകരിച്ച നിരവധി സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബഹു. മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിലും വിവിധ തലങ്ങളിലും യോഗം ചേർന്ന് വരുന്നതായും പുലിമുട്ട് നിർമ്മാണമാണ് പദ്ധതിയുടെ ഏറ്റവും വലിയ ഘട്ടമെന്നും പണി നടന്നുകൊണ്ടിരിക്കുന്ന ഓഫീസ് കെട്ടിടം, ടെർമിനൽ തുടങ്ങിയവയുടെ പ്രവൃത്തി ഉടനെ പൂർത്തീകരിക്കുന്നതാണെന്നും പദ്ധതിയുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട ഒരു കട്ട് ഓഫ് തീയതി പറയുവാൻ സാധിക്കുകയില്ലായെന്നും ബഹു. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സമിതിയെ അറിയിച്ചു.

II. 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ഗതാഗത വകുപ്പ് ലഭ്യമാക്കിയത്

2019-20 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ഗതാഗത വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 108 മുതൽ 116 വരെയുള്ള ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

108 മുതൽ 116 വരെയുള്ള ശിപാർശകൾക്ക് ഗതാഗത വകുപ്പ് ആവശ്യപ്പെട്ടിരിക്കുന്ന തുക അനുവദിക്കുവാൻ നിർവ്വാഹമില്ലായെന്നുള്ള മറുപടിയാണ് ധനകാര്യ വകുപ്പിൽ നിന്നും ലഭിച്ചിരിക്കുന്നതെന്നും ആവശ്യപ്പെട്ട അധിക തുക ലഭിക്കാത്തത് ഉൾനാടൻ ജലഗതാഗത മേഖലയുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നതായും ധനകാര്യ വകുപ്പിനോട് അധിക തുക ഒന്നുകൂടി ആവശ്യപ്പെടുന്നതിനുള്ള അവസരം വേണമെന്നും ബഹു. ഗതാഗത വകുപ്പുമന്ത്രി പറഞ്ഞു.

ആയതിനാൽ, 2019-20-ലെ ധനാഭ്യർത്ഥനകളുടെ പരിശോധനയുമായി ബന്ധപ്പെട്ട നാലാമത് റിപ്പോർട്ടിലെ ഗതാഗത വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 108 മുതൽ 116 വരെയുള്ള ശിപാർശകളിന്മേൽ സമിതി ശിപാർശ ചെയ്ത അധിക തുക അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിനോട് ഒന്നുകൂടി ആവശ്യപ്പെടുവാൻ ഗതാഗത വകുപ്പിനോട് സമിതി നിർദ്ദേശിച്ചു.

III. 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയത്

2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട ഖണ്ഡിക 11 മുതൽ 85 വരെയുള്ള ശിപാർശകളിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

IV. 2019 ഏപ്രിൽ 1 മുതൽ 2020 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു

V. 2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടിന്റെ കരട് പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ യോഗം ചേരുന്നതിനായി നേരിട്ടും വീഡിയോ കോൺഫറൻസിലൂടെയും പങ്കെടുത്ത ബഹുമാനപ്പെട്ട മന്ത്രിമാർക്കും എം.എൽ.എ.-മാർക്കും ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും സമിതി ചെയർമാൻ നന്ദി രേഖപ്പെടുത്തി.

യോഗം ഉച്ചയ്ക്ക് 12.00 മണിക്ക് പിരിഞ്ഞു.

## 21-10-2020-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി V, 2020 ഒക്ടോബർ മാസം 21-ാം തീയതി ബുധനാഴ്ച രാവിലെ 11.30-ന് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുമായ ശ്രീ. ജി. സുധാകരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി വീഡിയോ കോൺഫറൻസ് മുഖേനയും ബഹു. ഗതാഗത വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രൻ നേരിട്ടും യോഗത്തിൽ പങ്കെടുത്തു.

<u>ഹാജരായ അംഗങ്ങൾ:</u>

1. ശ്രീ. കെ. സി. ജോസഫ്, എം.എൽ.എ.
2. ശ്രീ. ഒ. രാജഗോപാൽ, എം.എൽ.എ.

<u>വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത അംഗങ്ങൾ:</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ, എം.എൽ.എ.
2. ശ്രീ. വി. അബ്ദുറഹിമാൻ, എം.എൽ.എ.
3. ശ്രീ. ജോൺ ഫെർണാണ്ടസ്, എം.എൽ.എ.
4. ശ്രീ. എൻ. ഷംസുദ്ദീൻ, എം.എൽ.എ.
5. ശ്രീ. വി. ആർ. സുനിൽ കുമാർ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

1. ശ്രീമതി എസ്. ജയശ്രീ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി രജനി വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. ദീപക് എസ്. വി., അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. കെ. ആർ. ജ്യോതിലാൽ, പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗത വകുപ്പ്
2. ശ്രീ. ആനന്ദ് സിംഗ്, സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്
3. ശ്രീ. ഋഷിരാജ് സിംഗ്, ഡയറക്ടർ ജനറൽ, പ്രിസൺസ് ഹെഡ്ക്വാർട്ടേഴ്സ്
4. ശ്രീ. ആർ. എസ്. കണ്ണൻ, സ്പെഷ്യൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
5. ശ്രീമതി ഡി. എസ്. ഷൈല, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്
6. ശ്രീ. അജിത് രാമചന്ദ്രൻ, ചീഫ് എഞ്ചിനീയർ (റോഡ്സ്), പൊതുമരാമത്ത് വകുപ്പ്
7. ശ്രീ. എസ്. മനോ മോഹൻ, ചീഫ് എഞ്ചിനീയർ (ബിൽഡിംഗ്സ്), പൊതുമരാമത്ത് വകുപ്പ്
8. ശ്രീമതി ഹൈജീൻ ആൽബർട്ട്, ചീഫ് എഞ്ചിനീയർ (കെട്ടിട വിഭാഗം), പൊതുമരാമത്ത് വകുപ്പ്
9. ശ്രീ. എം. അശോക് കുമാർ, ചീഫ് എഞ്ചിനീയർ (നാഷണൽ ഹൈവേ), പൊതുമരാമത്ത് വകുപ്പ്
10. ശ്രീ. എൻ. സതീഷ്, സീനിയർ ഫിനാൻസ് ഓഫീസർ, പൊതുമരാമത്ത് വകുപ്പ്
11. ശ്രീ. കെ. രവീന്ദ്രൻ ആശാരി, സീനിയർ ഫിനാൻസ് ഓഫീസർ, പൊതുമരാമത്ത് വകുപ്പ്
12. ശ്രീ. എസ്. സന്തോഷ്, ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ, പ്രിസൺസ് ഹെഡ്ക്വാർട്ടേഴ്സ്.

വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത ഉദ്യോഗസ്ഥർ:

1. ശ്രീ. സഞ്ജയ് എം. കൗൾ, സെക്രട്ടറി, തുറമുഖ വകുപ്പ്
2. ശ്രീ. പി. റ്റി. ജോയ്, ജോയിന്റ് സെക്രട്ടറി, തുറമുഖ വകുപ്പ്.

പ്രസ്തുത യോഗത്തിൽ കരട് ചട്ടം, റിപ്പോർട്ടുകൾ, കാലതാമസപത്രികകൾ, എസ്.ആർ.ഒ.കളുടെ സാധൂകരണം എന്നിവ സമിതി പരിഗണിക്കുകയും അതിന്മേൽ താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു:

1. <u>കരട് ചട്ടത്തിന്റെ പരിഗണന</u>

**1989-ലെ കേരള മോട്ടോർ വാഹന നിയമം, ഭേദഗതി-പതിനഞ്ച് വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഡീസൽ ഓട്ടോറിക്ഷകൾക്ക് പകരം 2020 നവംബർ 1 മുതൽ ഇലക്ട്രിക്കൽ എനർജി, LPG, CNG, LNG എന്നിവ ഇന്ധനമായി ഓടുന്ന ഓട്ടോറിക്ഷകൾ മാത്രം അനുവദിക്കുന്നത് സംബന്ധിച്ച്**

(ഫയൽ നമ്പർ 3328/സബ്.സി.എ 2/2020/നി.സെ.)

നാഷണൽ ഗ്രീൻ ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ഇലക്ട്രിക്കൽ എനർജി, സി.എൻ.ജി. എന്നിവ ഇന്ധനമായി ഉപയോഗിക്കുന്ന ഓട്ടോറിക്ഷകൾ ഇറങ്ങിക്കഴിഞ്ഞിട്ടുള്ളതായും കേരള ഓട്ടോമൊബൈൽസ് ഇലക്ട്രിക് ഓട്ടോറിക്ഷകൾ നിർമ്മിക്കുകയും നേപ്പാളിലേയ്ക്ക് കയറ്റുമതി ആരംഭിക്കുകയും ചെയ്തിട്ടുള്ളതായും 15 വർഷം കഴിയുന്നമുറയ്ക്ക് ഇലക്ട്രിക്കൽ എനർജി, LPG, CNG, LNG എന്നിവ ഇന്ധനമായി ഉപയോഗിച്ച് ഓടുന്ന ഓട്ടോറിക്ഷ നിരത്തിലിറക്കണമെന്നും ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു. പ്രസ്തുത വിഷയത്തിൽ ഒരു ഭേദഗതി ആവശ്യമായിട്ടുള്ളതായും 15 വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഡീസൽ ഓട്ടോറിക്ഷകൾ 2020 നവംബർ 1 മുതൽ പാടില്ലെന്നുള്ളത് പ്രായോഗികമല്ലായെന്നും പ്രസ്തുത കാലയളവ് "2021 ജനുവരി 1 മുതൽ" എന്ന് ഭേദഗതി ചെയ്യേണ്ടതാണെന്നും ഇപ്പോഴത്തെ പ്രത്യേക സാഹചര്യം കണക്കിലെടുക്കണമെന്നും ഗതാഗത വകുപ്പുമന്ത്രി സമിതിയെ അറിയിച്ചു.

പ്രസ്തുത നോട്ടിഫിക്കേഷന്റെ റൂൾ 2-ലും എക്സ്പ്ലനേറ്ററി നോട്ടിലും "1st November, 2020" എന്നത് "1st January, 2021" എന്ന് മാറ്റം വരുത്തേണ്ടതാണെന്ന ഭേദഗതിയോടെ കരട് ചട്ടം സമിതി അംഗീകരിച്ചു.

<u>റിപ്പോർട്ടുകളുടെ പരിഗണന</u>

**(2) 31-10-2017-ലെ സമിതി യോഗനിർദ്ദേശം-ഗവൺമെന്റ് റസ്റ്റ്ഹൗസുകളുടെ നവീകരണം സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട്**

(ഫയൽ നമ്പർ 5896/സബ്.സി.എ.2/2017/നി.സെ.)

2001-ലെ ഗവൺമെന്റ് ഉത്തരവ് അനുസരിച്ച് 10 റസ്റ്റ് ഹൗസുകൾ 30 വർഷത്തെ പാട്ടത്തിന് സ്വകാര്യ വ്യക്തികൾക്ക് നൽകിയതായും ഇപ്പോൾ ആലുവ റസ്റ്റ് ഹൗസ് മാത്രമാണ് സ്വകാര്യ വ്യക്തിയുടെ കൈവശമുള്ളതെന്നും, ബാക്കിയുള്ളവ സർക്കാർ

തിരികെ ഏറ്റെടുത്തുകഴിഞ്ഞുവെന്നും പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി അറിയിച്ചു. മൂന്നാറിൽ മൂന്ന് കെട്ടിടങ്ങൾ സ്വകാര്യ വ്യക്തി നിർമ്മിച്ചുവെങ്കിലും അവ സർക്കാർ തിരികെ ഏറ്റെടുത്തിട്ടുള്ളതായും ആലുവ റസ്റ്റ് ഹൗസുമായി ബന്ധപ്പെട്ട് ഇപ്പോഴും ഹൈക്കോടതിയിൽ കേസ് നിലനിൽക്കുകയാണെന്നും കേസുമായി ബന്ധപ്പെട്ട് ഒരു നിരോധന ഉത്തരവ് ഉണ്ടെന്നും അത് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുകയാണെന്നും പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി കൂട്ടിച്ചേർത്തു.

റസ്റ്റ് ഹൗസുകളിലെ സ്റ്റാഫുകളെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി മാത്രമേ നിയമിക്കാൻ സാധിക്കുകയുള്ളുവെന്നും റസ്റ്റ്ഹൗസുകളിൽ കുടുംബശ്രീ ക്യാന്റീനുകൾ നല്ല രീതിയിൽ പ്രവർത്തിക്കാത്തതിനാൽ ക്യാന്റീൻ നടത്തിപ്പിനായി ടെണ്ടർ ക്ഷണിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതായും നിലവിൽ നാലു സ്ഥലങ്ങളിൽ കുടുംബശ്രീ ക്യാന്റീനുകൾ പ്രവർത്തിക്കുന്നതായും മറ്റുള്ള സ്ഥലങ്ങളിൽ കുടുംബശ്രീയെ ഒഴിവാക്കി, ടെണ്ടർ വിളിച്ച് ക്യാന്റീനുകൾ നടത്തിക്കൊണ്ടിരിക്കുകയാണെന്നും റസ്റ്റ് ഹൗസുകളിലെ ജീവനക്കാർക്ക് യൂണിഫോം, റസ്റ്റ് ഹൗസുകളിലെ ഫ്രണ്ട് ഓഫീസ് സംവിധാനം തുടങ്ങിയവയുമായി ബന്ധപ്പെട്ട് വകുപ്പ് നടപടി സ്വീകരിച്ചിട്ടുള്ളതായും പൊതുമരാമത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

30 വർഷത്തേയ്ക്ക് റസ്റ്റ് ഹൗസുകൾ പാട്ടത്തിന് കൊടുത്തിരിക്കുകയായിരുന്നുവെന്നും പാട്ടത്തിന് റസ്റ്റ് ഹൗസ് ഏറ്റെടുത്തവർ നിബന്ധനകൾ ഒന്നും പാലിച്ചിരുന്നില്ലായെന്നും വകുപ്പിന് റസ്റ്റ് ഹൗസുകൾ തിരിച്ചെടുക്കാൻ സാധിക്കാത്തവിധം അവർ റസ്റ്റ്ഹൗസുകൾ സ്വന്തമാക്കിയിരുന്നുവെന്നും പ്രസ്തുത റസ്റ്റ് ഹൗസുകളിൽനിന്നും യാതൊരു വരുമാനവും സർക്കാരിന് ലഭിച്ചിരുന്നില്ലായെന്നും മൂന്നാർ റസ്റ്റ് ഹൗസിൽ ആകെ ഒരു മുറി മാത്രമാണ് പി.ഡബ്ല്യു.ഡി.ക്ക് അനുവദിച്ചിരിക്കുന്നതെന്നും ബാക്കിയെല്ലാം പാട്ടത്തിന് എടുത്ത ആളിന്റെ കൈവശമായിരുന്നുവെന്നും റസ്റ്റ് ഹൗസിന്റെ ഓഫീസ് മുറികളിൽ പോലും അവരുടെ രേഖകൾ വച്ച് നിറച്ചിരുന്നുവെന്നും ബോധ്യപ്പെട്ടതിനെ തുടർന്ന് അവിടത്തെ അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ നടപടിയെടുത്തതായും ഹൈക്കോടതിയിൽ കേസ്സ് കൊടുത്ത് റസ്റ്റ് ഹൗസ് തിരികെ ഏറ്റെടുത്തതായും ചെയർമാൻ യോഗത്തിൽ അറിയിച്ചു.

2006 മുതൽ 2010 വരെ മൂന്നാർ സബ് ഡിവിഷൻ ഓഫീസിൽ സേവനമനുഷ്ഠിച്ചിരുന്ന ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ശേഖരിക്കുന്നത് സംബന്ധിച്ചും അവർക്കെതിരെ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ചുമുള്ള നിലവിലെ സ്ഥിതി എന്താണെന്ന് വകുപ്പിനോട് ആരായണമെന്ന് സമിതി നിർദ്ദേശിച്ചു.

പ്രസ്തുത ഉദ്യോഗസ്ഥരുടെ വിവരങ്ങൾ വിജിലൻസ് വഴിയാണ് ശേഖരിക്കുന്നതെന്നും അവർ ഇതുവരെ വിവരങ്ങൾ സമർപ്പിച്ചിട്ടില്ലായെന്നും ചീഫ് എഞ്ചിനീയർ (കെട്ടിട വിഭാഗം) മറുപടി നൽകി. വിജിലൻസിൽ നിന്നും വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

ആലുവ റസ്റ്റ് ഹൗസ് ഇതുവരെ തിരികെ ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ലായെന്നും കോടതിയിൽ ഇപ്പോഴും കേസ്സ് നടന്നുകൊണ്ടിരിക്കുകയാണെന്നും ചുറ്റുമതിലോടുകൂടിയ ഒട്ടനവധി കെട്ടിടങ്ങളുള്ള കുറ്റാലം, തിരികെ ഏറ്റെടുത്തിട്ടുള്ളതായും അവിടെ പൊതുമരാമത്ത് വകുപ്പിലില്ലാത്ത പാലസ് സൂപ്രണ്ട് എന്നൊരു തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്നയാളെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടതായും റസ്റ്റ് ഹൗസ് പോലുള്ള സ്ഥാപനങ്ങൾ പാട്ടത്തിന് കൊടുക്കേണ്ടകാര്യമില്ലായെന്നും 150 റസ്റ്റ് ഹൗസുകളിൽ നിന്ന് ആകെ കിട്ടിയിരുന്ന 2 കോടി രൂപ വാർഷിക വരുമാനം 2019-ൽ 16 കോടി രൂപയായി വർദ്ധിച്ചിട്ടുള്ളതായും പുതിയതായി ആരംഭിച്ച റസ്റ്റ് ഹൗസുകളിൽ ജീവനക്കാരെ നിയമിക്കുന്നതിന് പി.എസ്.സി.-യിൽ റാങ്ക് ലിസ്റ്റ് നിലവിലില്ലായെന്നും കൂടുതൽ ജീവനക്കാരെ നിയമിച്ചാൽ വരുമാനത്തിൽ വർദ്ധനവുണ്ടാകുമെന്നും സമിതി അഭിപ്രായപ്പെട്ടു. ഗവൺമെന്റ് റസ്റ്റ് ഹൗസുകളിൽ യൂണിഫോം അടിയന്തരമായി ഏർപ്പെടുത്തണമെന്നും വനമേഖലകളിലുള്ള റസ്റ്റ് ഹൗസുകളിൽ വേണ്ടത്ര പരിശോധന നടത്തുന്നതിനുള്ള സത്വര നടപടി സ്വീകരിച്ച് സമിതിയെ അറിയിക്കണമെന്നും നിർദ്ദേശിച്ചു.

സ്വകാര്യ വ്യക്തികൾക്ക് വാടകയ്ക്ക് കൊടുത്തിരുന്ന റസ്റ്റ് ഹൗസുകളെല്ലാം ഒഴിപ്പിച്ചെടുത്തിട്ടുള്ളതായും കുടുംബശ്രീക്ക് ക്യാന്റീനുകളുടെ നടത്തിപ്പിന് അനുവാദം നൽകിയിട്ടില്ലായെന്നും എവിടെയെങ്കിലും കുടുംബശ്രീ ക്യാന്റീൻ നടത്തുന്നുണ്ടെങ്കിൽ അവിടെയുള്ള അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ നടപടിയുണ്ടാകുമെന്നും ടെണ്ടർ നടപടികളിലൂടെ അല്ലാതെ ആർക്കും ക്യാന്റീൻ നടത്തുന്നതിന് അനുവാദം നൽകരുതെന്ന് തീരുമാനമെടുത്തിട്ടുള്ളതായും മാനേജർമാർ സ്വകാര്യമായി ക്യാന്റീനുകൾ നടത്തുന്നതിന് അനുവാദം നൽകിയിട്ടില്ലായെന്നും എല്ലാ റസ്റ്റ് ഹൗസുകളിലേയും ക്യാന്റീനുകൾ ടെണ്ടർ ചെയ്ത് കൊടുക്കണമെന്നും ക്യാന്റീൻ ഇല്ലാത്ത സ്ഥലങ്ങളിൽ ആയത് ആരംഭിക്കണമെന്നും സമിതി നിർദ്ദേശിച്ചു. പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

### (3) 20-3-2019-ലെ സമിതി യോഗനിർദ്ദേശം - PWD നാഷണൽ ഹൈവേ ചീഫ് എഞ്ചിനീയറുടെ അധികാര പരിധിയിൽ വരുന്ന ദിവസ വേതനക്കാരുടെ എണ്ണം, അവരുടെ വേതനം എന്നിവ സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ അധിക വിവര റിപ്പോർട്ട്

(ഫയൽ നമ്പർ 1989/സബ്.സി.എ 2/2019/നി.സെ.)

2019-20 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയ്ക്കുള്ള കുറിപ്പുകളിൽ 3054-01-001-99 എന്ന ശീർഷകത്തിൽ അധിക തുക ആവശ്യപ്പെട്ടത് ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന സ്റ്റാഫിന്റെ ശമ്പളം കൊടുക്കുന്നതിന് വേണ്ടിയായിരുന്നുവെന്നും ഇപ്പോൾ ദിവസ വേതനാടിസ്ഥാനത്തിൽ ആരും ജോലി ചെയ്യുന്നില്ലെന്നാണ് നാഷണൽ ഹൈവേ ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിരിക്കുന്നതെന്നും പൊതുമരാമത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

റസ്റ്റ് ഹൗസുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ആളുകൾക്കും താൽക്കാലിക ഡ്രൈവർമാർക്കും വേതനം യഥാസമയം കൊടുക്കുന്നതിന് ഫണ്ട് അനുവദിച്ചാൽ മാത്രമേ സാധിക്കുകയുള്ളൂവെന്നും ആയതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു. പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

### (4) 29-8-2019-ലെ സമിതി യോഗനിർദ്ദേശം-കേന്ദ്ര സർക്കാർ നിർമ്മിക്കേണ്ടതും നിർമ്മാണത്തിന്റെ അത്യാവശ്യം പരിഗണിച്ച് സംസ്ഥാന സർക്കാർ നിർവ്വഹിക്കുന്നതുമായ വിവിധ പ്രവൃത്തികൾക്കുണ്ടാകുന്ന ചെലവുകൾ കേന്ദ്ര സർക്കാരിൽ നിന്ന് റീ-ഇംബേഴ്സ് ചെയ്യണമെന്ന സമിതി ശിപാർശ- പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്

(ഫയൽ നമ്പർ 5973/സബ്.സി.എ 2/2019/നി.സെ.)

വൈറ്റില, കുണ്ടന്നൂർ എന്നീ ഫ്ലൈഓവറുകളുടെ പ്രവൃത്തി കിഫ്ബി ഫണ്ടുപയോഗിച്ച് ചെയ്യുന്നതായും നാഷണൽ ഹൈവേ വികസിപ്പിക്കുന്നതിനുള്ള തീരുമാനം ഇല്ലാതിരുന്നതിനാൽ നാഷണൽ ഹൈവേയ്സിൽ നിന്ന് എൻ.ഒ.സി. മാത്രമേ വാങ്ങിയിരുന്നുള്ളൂവെന്നും അതിനുശേഷം കിഫ്ബി ഫണ്ട് നിക്ഷേപിക്കുവാൻ ആവശ്യപ്പെട്ടപ്പോൾ സംസ്ഥാന സർക്കാരിന്റെ ഫണ്ടുപയോഗിച്ച് നാഷണൽ ഹൈവേയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തണമെന്നാണ് മറുപടി ലഭിച്ചതെന്നും നാഷണൽ ഹൈവേ-66 വികസിപ്പിക്കുന്നുണ്ടെന്നും ഫണ്ട് ആവശ്യപ്പെട്ടിരുന്നെങ്കിലും നിക്ഷേപം നടത്തുവാൻ നാഷണൽ ഹൈവേയ്സ് തയ്യാറായിരുന്നില്ലായെന്നും പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

കേന്ദ്രം ആവശ്യപ്പെടാതെ തന്നെ Stand Alone Project ആയി മുൻ സർക്കാരും പൊതുമരാമത്ത് വകുപ്പും ചേർന്ന് മേൽപ്പറഞ്ഞ രണ്ട് പാലങ്ങളുടേയും നിർമ്മാണപ്രവർത്തനങ്ങൾ നടത്തിക്കൊള്ളാമെന്ന് സമ്മതിക്കുകയും ഡി.പി.ആർ. തയ്യാറാക്കുകയും ചെയ്തിരുന്നുവെങ്കിലും ഒരുതരത്തിലുള്ള നിർമ്മാണപ്രവർത്തനങ്ങളും നടത്തിയിരുന്നില്ലായെന്നും തുടർന്ന് റിപ്പോർട്ട് വീണ്ടും ഡൽഹിയിലേയ്ക്ക് അയച്ചപ്പോൾ സംസ്ഥാന സർക്കാർ ഈ പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തു കൊള്ളാമെന്ന് നേരത്തേ അറിയിച്ചിട്ടുള്ളതിനാൽ ഇതിന്റെ നിർമ്മാണപ്രവർത്തനം കേന്ദ്രം ഏറ്റെടുക്കില്ലായെന്ന് രേഖാമൂലം മറുപടി നൽകിയതായി ചെയർമാൻ യോഗത്തെ അറിയിച്ചു. പ്രസ്തുത പാലങ്ങളുടെ നിർമ്മാണപ്രവർത്തനം ആരംഭിച്ചതായും രണ്ട് മാസത്തിനകം പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നതായും ഏകദേശം 200 കോടി രൂപ കിഫ്ബി പദ്ധതിയിലൂടെ ഇതിലേയ്ക്കായി ചെലവഴിച്ചിട്ടുള്ളതായും ചെയർമാൻ അറിയിച്ചു. പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**(5) ആലപ്പുഴ ജില്ലാ ജയിലിന് പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തി സാവധാനത്തിലാണെന്ന സമിതി അഭിപ്രായം-DIG തലത്തിലുള്ള ലോക്കൽ എൻക്വയറി സംബന്ധിച്ച് ആഭ്യന്തര വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്**

(ഫയൽ നമ്പർ 5616/സബ്.സി.എ 2/2016/നി.സെ.)

ആലപ്പുഴ ജില്ലാ ജയിലിന് പുതിയ കെട്ടിടം വന്നുകഴിഞ്ഞതിനാൽ ആഭ്യന്തര വകുപ്പിൽ നിന്നുള്ള റിപ്പോർട്ടിന് പ്രസക്തി ഇല്ലായെന്ന് ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് സമിതിയെ അറിയിച്ചു. റിപ്പോർട്ട് സമിതി അംഗീകരിച്ചു.

6. <u>കാലതാമസപത്രികകളുടെ പരിഗണന</u>

**2018-19 സാമ്പത്തിക വർഷത്തിൽ ധനാഭ്യർത്ഥന നമ്പർ XV (പൊതുമരാമത്ത്), XL (തുറമുഖങ്ങൾ) എന്നിവയ്ക്ക് കീഴിൽ വരുന്ന വിവിധ കണക്കിനങ്ങളിലായി പൊതുമരാമത്ത്, തുറമുഖം എന്നീ വകുപ്പുകൾക്ക് ലഭിച്ച ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കുന്നതിന് കാലതാമസമുണ്ടായത് സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ**

(ഫയൽ നമ്പർ 132/സബ്.സി.എ 2/2019/നി.സെ.)

പ്രസ്തുത കാലതാമസപത്രികകൾ സമിതി അംഗീകരിച്ചു.

7. <u>എസ്.ആർ.ഒ.കളുടെ സാധൂകരണം</u>

**(i) 2019-ലെ കേരള ട്രാൻസ്പോർട്ട് സബോർഡിനേറ്റ് സർവ്വീസ് (ഭേദഗതി) ചട്ടങ്ങൾ**

(എസ്.ആർ.ഒ. നമ്പർ 718/2019)

(ഫയൽ നമ്പർ 65/സബ്.സി.എ 2/2020/നി.സെ.)

3-11-2018 തീയതിയിലെ സ. ഉ. (പി.) നമ്പർ 36/2018 പ്രകാരം എ.എം.വി.ഐ. തസ്തികയുടെ പ്രായപരിധി 36 ആയി കുറച്ചുകൊണ്ട് സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്ത് ഉത്തരവ് ഇറക്കിയിരുന്നു. കേരള എ.എം.വി.ഐ. റാങ്ക് ഹോൾഡേഴ്സ് അസോസിയേഷൻ സമർപ്പിച്ച 18-6-2019-ലെ അപേക്ഷയിൽ, ഈ ഉത്തരവിനു ശേഷം റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളെല്ലാം പുതിയ വിജ്ഞാപനമിറങ്ങി റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചാൽ മാത്രമേ നിയമനം നൽകേണ്ടതുള്ളൂ എന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ തീരുമാനിച്ചതിനാൽ നിലവിലെ എ.എം.വി.ഐ. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഭൂരിഭാഗം പേർക്കും ഈ ഭേദഗതി പ്രകാരം ഇനി ഒരു അവസരം ലഭിക്കില്ല എന്നും ആയതിനാൽ എ.എം.വി.ഐ. തസ്തികയിലെ നിലവിലെ റാങ്ക് ലിസ്റ്റിന് മോട്ടോർ വാഹന വകുപ്പിലെ പുതുക്കിയ സ്പെഷ്യൽ റൂൾ ബാധകമല്ല എന്ന ഉത്തരവ് (Saving Clause) അടിയന്തരമായി പുറപ്പെടുവിക്കണമെന്നും ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിക്കുകയും എ.എം.വി.ഐ.-മാരുടെ നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉള്ളവരെ സംരക്ഷിച്ചു കൊണ്ടുള്ള Saving Clause-ന്റെ അഭാവത്തിൽ, 21-11-2018-ലെ എസ്.ആർ.ഒ. നമ്പർ 820/2018 മുഖേന പുറപ്പെടുവിച്ച ചട്ട ഭേദഗതി നിലവിലെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉള്ളവരെ ബാധിക്കുമെന്നതിനാൽ, എസ്.ആർ.ഒ. നമ്പർ 820/2018 ചട്ട ഭേദഗതിയോടനുബന്ധിച്ച് ബന്ധപ്പെട്ട വിശേഷാൽ ചട്ടങ്ങളിൽ Saving Clause കൂടി ചേർത്ത് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഭേദഗതി വിജ്ഞാപനം 5-10-2019-ലെ എസ്.ആർ.ഒ. നമ്പർ 718/2019 പ്രകാരം പുറപ്പെടുവിക്കുകയും ചെയ്തു. ഗതാഗത വകുപ്പ് ലഭ്യമാക്കിയ പ്രസ്തുത എസ്.ആർ.ഒ. സമിതി സാധൂകരിച്ചു.

**(ii) 2019-ലെ കേരള മോട്ടോർ വാഹന (നാലാം ഭേദഗതി) ചട്ടങ്ങൾ**

(എസ്.ആർ.ഒ. നമ്പർ 562/2019)

(ഫയൽ നമ്പർ 6141/സബ്.സി.എ 2/2019/നി.സെ.)

കേന്ദ്ര സർക്കാരിന്റെ 29-12-2016-ലെ GSR 1183(E) നമ്പർ വിജ്ഞാപന പ്രകാരം വാഹനങ്ങളുടെ രജിസ്ട്രേഷൻ, ഫിറ്റ്നസ് തുടങ്ങിയവ പുതുക്കുന്നതിന് അധിക ഫീസ്

ഏർപ്പെടുത്തികൊണ്ട് ഉത്തരവായിരുന്നു. ഇത്തരത്തിൽ കേന്ദ്ര സർക്കാർ അധിക ഫീസ് ഏർപ്പെടുത്തിയതുമൂലം ജനങ്ങൾക്കുണ്ടാകുന്ന അധിക ബാധ്യത ലഘൂകരിക്കുന്നതിനായി സംസ്ഥാന സർക്കാർ തീരുമാനിക്കുകയും 1988-ലെ മോട്ടോർ വാഹന നിയമത്തിലെ 65(2)(k), 65(2)(p) വകുപ്പുകൾ പ്രകാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം വിനിയോഗിച്ചുകൊണ്ട്, 1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 102, 105(5) എന്നീ ചട്ടങ്ങൾ പ്രകാരമുള്ള പിഴ പിൻവലിക്കുകയും ചെയ്തിരുന്നു. എന്നാൽ ബഹു. കേരള ഹൈക്കോടതി, WP(C)4911/2018(L) നമ്പർ റിട്ട് പെറ്റീഷനിലെ ഉത്തരവ് പ്രകാരം കേന്ദ്ര സർക്കാർ ചുമത്തിയ അധിക പിഴ ഈടാക്കുന്നത് സ്റ്റേ ചെയ്യുകയുണ്ടായി. ഈ സാഹചര്യത്തിൽ 1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 102, 105(5) എന്നീ ചട്ടങ്ങൾ പ്രകാരമുള്ള പിഴ പുനഃസ്ഥാപിക്കുന്നതിന് സർക്കാർ തീരുമാനിക്കുകയും ആയത് 18-7-2019-ലെ ജി. ഒ. (പി.) 22/2019/ഗതാ. നമ്പർ വിജ്ഞാപന പ്രകാരം ഉത്തരവാക്കുകയും പ്രസ്തുത ഉത്തരവ് 1913-ാം നമ്പർ അസാധാരണ ഗസറ്റിൽ (എസ്.ആർ.ഒ. 562/2019) 21-8-2019-ന് പ്രസിദ്ധീകരിക്കുകയും ചെയ്തു. ഗതാഗത വകുപ്പ് ലഭ്യമാക്കിയ പ്രസ്തുത എസ്.ആർ.ഒ. സമിതി സാധൂകരിച്ചു.

മണ്ണാർക്കാട് മണ്ഡലത്തിൽ പ്രവർത്തനോദ്ഘാടനം കഴിഞ്ഞ മണ്ണാർക്കാട് എം.ഇ.എസ്.-പയ്യനടം റോഡിന്റെ പ്രവൃത്തി നിർത്തിവച്ചിരിക്കുന്നത് പുനരാരംഭിക്കേണ്ടത് അത്യാവശ്യമാണെന്ന് സമിതി നിർദ്ദേശിച്ചു.

പി.ഡബ്ല്യു.ഡി-യും കിഫ്ബിയും തമ്മിൽ യാതൊരു തർക്കവുമില്ലായെന്നും കിഫ്ബിയുടെ നിയമപ്രകാരം അവർ എല്ലാ നിർമ്മാണപ്രവർത്തനങ്ങളും പരിശോധിക്കുമെന്നും നിർമ്മാണ പ്രവർത്തനങ്ങളിൽ പോരായ്മ വരുമ്പോഴാണ് പ്രവൃത്തി നിർത്തിവയ്ക്കുന്നതെന്നും പി.ഡബ്ല്യു.ഡി. റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഒന്നും തന്നെ നിർത്തിവച്ചിട്ടില്ലായെന്നും മണ്ണാർക്കാട് എം.ഇ.എസ്.-പയ്യനടം റോഡ് പ്രത്യേകമായി പരിഗണിച്ച് എത്രയും വേഗം നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. കൂടാതെ കിഫ്ബി ഏറ്റെടുത്ത് നടത്തുന്ന പി.ഡബ്ല്യു.ഡി. റോഡിന്റെ പ്രവൃത്തികളിൽ, സ്റ്റോപ്പ് മെമ്മോ കൊടുത്ത് ഒരുമാസത്തിലേറെയായി പ്രവൃത്തി നിർത്തിവച്ച റോഡുകളുടെ പ്രവൃത്തികൾ അടിയന്തരമായി പുനരാരംഭിക്കുന്നതിന് സമിതി ശിപാർശ ചെയ്യുകയും ചെയ്തു.

നേമം നിയോജകമണ്ഡലത്തിലെ പണി പൂർത്തിയാകാത്ത റോഡുകളുടെ പണി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

ബഹുമാനപ്പെട്ട ചെയർമാൻ രജിസ്ട്രേഷൻ വകുപ്പുകൂടി കൈകാര്യം ചെയ്യുന്ന മന്ത്രിയെന്ന നിലയിൽ സമിതിയുടെ കാര്യവിവരപ്പട്ടികയിൽപ്പെടാത്ത രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട ഒരു വിഷയം സമിതി അംഗം ശ്രീ. കെ. വി. അബ്ദുൾ ഖാദർ ശ്രദ്ധയിൽപ്പെടുത്തി. അണ്ടത്തോട് രജിസ്ട്രേഷൻ ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിച്ചെങ്കിലും അത് മുടങ്ങിപ്പോയ സാഹചര്യമാണുള്ളതെന്നും പ്രത്യേക അനുമതി ലഭിച്ചാൽ മാത്രമേ പ്രവൃത്തി പുനരാരംഭിക്കാൻ സാധിക്കുള്ളൂ എന്നാണ് കോൺട്രാക്ടർ പറയുന്നതെന്നും ആയതിന്റെ നിർമ്മാണം ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടു.

പ്രസ്തുത വിഷയം രജിസ്ട്രേഷൻ വകുപ്പുമായി ബന്ധപ്പെട്ട കാര്യമാണെന്നും സമിതിയുടെ പരിധിയിൽപ്പെടുന്ന വിഷയമല്ലാത്തതിനാൽ ആയത് നോട്ട് ചെയ്യുവാൻ പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയോട് ചെയർമാൻ നിർദ്ദേശിച്ചു.

(യോഗം ഉച്ചയ്ക്കുശേഷം 12.20-ന് പിരിഞ്ഞു.)

## 25-11-2020-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2020 നവംബർ മാസം 25-ാം തീയതി ബുധനാഴ്ച രാവിലെ 11.00 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളനഹാളിൽ സമിതി ചെയർമാനും ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിയുമായ ശ്രീ. ജി. സുധാകരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും ബഹു. ഗതാഗത വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രനും ഹാജരായിരുന്നു.

ഹാജരായ അംഗം:

ശ്രീ. ഒ. രാജഗോപാൽ, എം.എൽ.എ.

വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത അംഗങ്ങൾ:

(1) ശ്രീ. വി. അബ്ദുറഹിമാൻ, എം.എൽ.എ.

(2) ശ്രീ. ജോൺ ഫെർണാണ്ടസ്, എം.എൽ.എ.

(3) ശ്രീ. വി. ആർ. സുനിൽ കുമാർ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്:</u>

ശ്രീമതി എസ്. ജയശ്രീ, ജോയിന്റ് സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ:</u>

(1) ശ്രീ. കെ. ആർ. ജ്യോതിലാൽ, പ്രിൻസിപ്പൽ സെക്രട്ടറി, ഗതാഗത വകുപ്പ്

(2) ശ്രീ. സഞ്ജയ് കൗൾ, സെക്രട്ടറി, തുറമുഖ വകുപ്പ്

(3) ശ്രീ. ആനന്ദ് സിംഗ്, സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്

(4) ശ്രീ. എം. ആർ. അജിത് കുമാർ, ട്രാൻസ്പോർട്ട് കമ്മീഷണർ

(5) ഡോ. ബി. അശോക്, കമ്മീഷണർ, കേരള റോഡ് സേഫ്റ്റി അതോറിറ്റി

(6) ശ്രീ. അജിത് രാമചന്ദ്രൻ, ചീഫ് എഞ്ചിനീയർ (റോഡ്സ്), പൊതുമരാമത്ത് വകുപ്പ്

(7) ശ്രീമതി ഗീത കെ. അഡീഷണൽ സെക്രട്ടറി, നികുതി വകുപ്പ്

(8) ശ്രീമതി എസ്. സന്ധ്യ, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്

(9) ശ്രീമതി കെ. എ. ശ്രീലത, അഡീഷണൽ സെക്രട്ടറി, നിയമവകുപ്പ്

(10) ശ്രീമതി മാലതി എസ്., അഡീഷണൽ സെക്രട്ടറി, ഗതാഗത വകുപ്പ്

(11) ശ്രീ. സെനിൽ എ. കെ. രാജൻ, അസിസ്റ്റന്റ് കമ്മീഷണർ, സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്

(12) ശ്രീമതി ബി. എസ്. രേണുക ദേവി, ജോയിന്റ് സെക്രട്ടറി, നിയമ വകുപ്പ്

(13) ശ്രീ. പി. റ്റി. ജോയ്, ജോയിന്റ് സെക്രട്ടറി, തുറമുഖ വകുപ്പ്

(14) ശ്രീമതി സിന്ധു. എൽ., ഡെപ്യൂട്ടി കമ്മീഷണർ, സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്

(15) ശ്രീമതി റബീന. എ., ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ബ്രിഡ്ജസ്), പൊതുമരാമത്ത് വകുപ്പ്

(16) ശ്രീ. മുഹമ്മദ് പി. കെ., ചീഫ് സർവ്വേയർ, കേരള മാരിടൈം ബോർഡ്

(17) ശ്രീ. കെ. ആർ. വിനോദ്, ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ, കേരള മാരിടൈം ബോർഡ്

(18) ശ്രീ. ചന്ദ്രപ്രസാദ് കെ. കെ., അണ്ടർ സെക്രട്ടറി, നിയമ വകുപ്പ്

(19) ശ്രീ. എൻ. സതീഷ്, സീനിയർ ഫിനാൻസ് ഓഫീസർ, പൊതുമരാമത്ത് വകുപ്പ്

(20) ക്യാപ്റ്റൻ എബ്രഹാം. വി. കുര്യാക്കോസ്, പോർട്ട് ഓഫീസർ, ആലപ്പുഴ

(21) ശ്രീമതി അനുരാധ കെ. സി., അക്കൗണ്ട്സ് ഓഫീസർ, കേരള റോഡ് സേഫ്റ്റി അതോറിറ്റി

(22) ശ്രീ. കെ. സി. ബിനു, അക്കൗണ്ട്സ് ഓഫീസർ, കേരള റോഡ് സേഫ്റ്റി അതോറിറ്റി.

സമിതി താഴെപ്പറയുന്ന വിഷയങ്ങൾ പരിഗണനയ്ക്കെടുക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു:

1. 4-1-2019-ലെ സമിതിയോഗം - ആലപ്പുഴ ജില്ലയിലെ വിനോദസഞ്ചാര മേഖലയിൽ പ്രവർത്തിക്കുന്ന ബോട്ടുകളുടെ രജിസ്ട്രേഷൻ, ലൈസൻസ്, സുരക്ഷാ ക്രമീകരണ സംവിധാനങ്ങൾ എന്നിവ സംബന്ധിച്ച സമിതി നൽകിയ ചോദ്യാവലി, നിർദ്ദേശങ്ങൾ എന്നിവയിന്മേൽ തുറമുഖം, നികുതി എന്നീ വകുപ്പുകൾ ലഭ്യമാക്കിയ റിപ്പോർട്ടുകൾ

(ഫയൽ നമ്പർ 617/സബ്.സി.എ 2/2019/നി.സെ.)

**ആലപ്പുഴ ജില്ലയിലെ വിനോദസഞ്ചാര മേഖലയിൽ പ്രവർത്തിക്കുന്ന ബോട്ടുകളുടെ രജിസ്ട്രേഷൻ, ലൈസൻസ്, സുരക്ഷാ ക്രമീകരണ സംവിധാനങ്ങൾ എന്നിവ സംബന്ധിച്ച് സമിതി ഉന്നയിച്ച ചോദ്യാവലിയിന്മേലുള്ള റിപ്പോർട്ട്**

1, 4, 11, 12 എന്നീ ചോദ്യങ്ങൾക്ക് വകുപ്പ് നൽകിയ മറുപടി സമിതി അംഗീകരിച്ചു.

ഉൾനാടൻ ജലയാനങ്ങൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്നതിനുള്ള സംവിധാനങ്ങൾ എന്തൊക്കെ എന്നുള്ള രണ്ടാമത്തെ ചോദ്യത്തിന് ചോദ്യവുമായി ബന്ധപ്പെട്ട മറുപടിയല്ല വകുപ്പ് നൽകിയിരിക്കുന്നതെന്ന് സമിതി ചൂണ്ടിക്കാട്ടി. ഇൻഷ്വറൻസ് കമ്പനിവഴിയാണ് തേർഡ് പാർട്ടി ഇൻഷ്വറൻസ് എടുക്കേണ്ടതെന്ന് തുറമുഖ വകുപ്പ് സെക്രട്ടറി മറുപടി നൽകി. ഇൻഷ്വറൻസ് കമ്പനികളുടെ മാനദണ്ഡമനുസരിച്ചാണ് തേർഡ് പാർട്ടി ഇൻഷ്വറൻസ് എടുക്കേണ്ടത് എന്നുകൂടി ഉൾപ്പെടുത്തിയാൽ മാത്രമേ ചോദ്യത്തിനുള്ള മറുപടിയാകുകയുള്ളൂവെന്ന് സമിതി അഭിപ്രായപ്പെട്ടു.

കെ.ഐ.വി. സർട്ടിഫിക്കറ്റ് പരീക്ഷകൾ നടത്തുന്നതും സർട്ടിഫിക്കറ്റുകൾ നൽകുന്നതുമായി ബന്ധപ്പെട്ട നാലാമത്തെ ചോദ്യത്തിനുള്ള ഉത്തരത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിൽ കെ.ഐ.വി. സർട്ടിഫിക്കറ്റുകൾ നേടുന്നതിന്

യോഗ്യമായ കോഴ്സുകൾ ആരംഭിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞപ്പോൾ കോഴ്സുകൾ നടത്തുന്നതായും 60 പേർക്ക് പരിശീലനം കൊടുക്കുന്നതായും പുതിയ കോഴ്സുകൾ നീണ്ടകരയിലും കൊടുങ്ങല്ലൂരിലും ആരംഭിച്ചിട്ടുള്ളതായും ഫസ്റ്റ് ക്ലാസ് ഡ്രൈവർ, ലാസ്കർ, സ്രാങ്ക്, എഞ്ചിനീയർ എന്നീ കോഴ്സുകളാണ് പുതുതായി തുടങ്ങാൻ ഉദ്ദേശിക്കുന്നതെന്നും കേരള മാരിടൈം ബോർഡ് ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ മറുപടി നൽകി.

ഓൺലൈൻ സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിന് സി-ഡിറ്റിന് സമയപരിധി നിശ്ചയിച്ച് നൽകിയിട്ടുണ്ടോയെന്ന 9-ാം ചോദ്യത്തിന്, സോഫ്റ്റ്‌വെയറിന്റെ സുരക്ഷാ പരിശോധന നടത്താനുള്ളതായി കേരള മാരിടൈം ബോർഡ് ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ മറുപടി നൽകി. 28-2-2019-ന് മുമ്പായി സോഫ്റ്റ്‌വെയർ പൂർത്തിയാക്കുമെന്ന് സി-ഡിറ്റ് അറിയിച്ചിട്ടുണ്ടെന്നാണ് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതെന്നും എന്നാൽ ആയത് ഇതുവരെ പൂർത്തീകരിച്ചിട്ടില്ലായെന്നും അതിനുള്ള കാരണം എന്താണെന്നും സമിതി ആരാഞ്ഞു.

സി-ഡിറ്റിന്റെ ഭാഗത്തുനിന്നുള്ള താമസമാണെന്ന് കേരള മാരിടൈം ബോർഡ് ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ മറുപടി നൽകി. സമിതിയുടെ അവകാശലംഘനമാണ് സി-ഡിറ്റ് നടത്തിയിരിക്കുന്നതെന്നും 28-2-2019-ന് മുമ്പായി സോഫ്റ്റ്‌വെയർ പൂർത്തിയാക്കുമെന്ന് സമിതിക്ക് നൽകിയ ഉറപ്പ് ലംഘിച്ചതിനുള്ള മറുപടി ആവശ്യപ്പെടണമെന്നും ചെയർമാൻ നിർദ്ദേശിച്ചു.

ചോദ്യം നമ്പർ 10-ൽ, 2013 ഡിസംബർ 31 മുതൽ ആലപ്പുഴ പോർട്ട് ഓഫ് രജിസ്ട്രിയിൽ നിന്ന് പുതിയ വെസ്സലുകൾക്ക് നിർമ്മാണ അനുമതി നൽകുന്നത് നിർത്തിവച്ചതായി പറയുന്നത് ശരിയാണോയെന്ന് സമിതി ആരാഞ്ഞപ്പോൾ മുഖ്യമന്ത്രിയുടെ തീരുമാനപ്രകാരം നിർത്തിവച്ചതാണെന്നും തടാകത്തിന്റെ ക്യാരിയിംഗ് കപ്പാസിറ്റി കൂടുതലാണെന്ന് സി.ഡബ്ല്യൂ.ആർ.ഡി.എം.-ന്റെ പഠന റിപ്പോർട്ട് ഉണ്ടായിരുന്നതായും അതുകൊണ്ടാണ് പുതിയ വെസ്സലുകൾ നിർമ്മിക്കുന്നത് ആലപ്പുഴയിൽ മാത്രം നിർത്തിവച്ചതെന്നും കേരള മാരിടൈം ബോർഡ് ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ മറുപടി നൽകി.

മുഖ്യമന്ത്രിയുടെ യോഗത്തിലെ തീരുമാനപ്രകാരം രജിസ്ട്രേഷൻ കൊടുത്തിട്ടില്ല എന്ന മറുപടിയും പ്രസ്തുത യോഗത്തിനുശേഷം ലഭിച്ച 667 അപേക്ഷകളിൽ 22 ബോട്ടുകൾക്ക് രജിസ്ട്രേഷൻ നൽകിയെന്ന മറുപടിയും പരസ്പരവിരുദ്ധമാണെന്നും മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗ തീരുമാനപ്രകാരം രജിസ്ട്രേഷൻ നൽകിയെന്നാണ് റിപ്പോർട്ടിൽ എഴുതേണ്ടിയിരുന്നതെന്നും സമിതി അഭിപ്രായപ്പെട്ടു.

തുടർന്ന് മുഖ്യമന്ത്രിയുടെ യോഗത്തിന്റെ തീരുമാനം എന്തായിരുന്നുവെന്ന് സമിതി ആരാഞ്ഞതിന് മറുപടിയായി രജിസ്ട്രേഷനുള്ളതും എന്നാൽ ഇതുവരെ കെ.ഐ.വി. രജിസ്ട്രേഷനിലേക്ക് മാറാത്തതുമായ ബോട്ടുകൾ, തുറമുഖ വകുപ്പ് നൽകിയിട്ടുള്ള താല്കാലിക രജിസ്ട്രേഷനുള്ള ബോട്ടുകൾ, തുറമുഖ വകുപ്പ് നടത്തിയ അദാലത്തുകളിൽ പങ്കെടുത്ത് അപേക്ഷകൾ സമർപ്പിച്ചെങ്കിലും നാളിതുവരെ സർവ്വേ ചെയ്ത് രജിസ്ട്രേഷൻ നടപടി പൂർത്തീകരിക്കാത്ത ബോട്ടുകൾ, തുറമുഖവകുപ്പിൽ ഓൺലൈനിൽ അപേക്ഷ സമർപ്പിച്ചശേഷം മറ്റ് അംഗീകാരങ്ങൾ നേടാതെ പണി പൂർത്തിയാക്കിയ ബോട്ടുകൾ എന്നിവ സർക്കാർ നിർദ്ദേശിക്കുന്ന നിയമങ്ങൾ പാലിച്ചിട്ടുണ്ടെങ്കിൽ ആയവ സർവ്വേ നടപടികൾ പൂർത്തീകരിച്ച് രജിസ്റ്റർ ചെയ്യുന്നതായിരിക്കുമെന്നും കെ.ഐ.വി. അംഗീകാരം ലഭിച്ചശേഷം മാനദണ്ഡങ്ങളും ഡിസൈനും പാലിക്കാതെ അനധികൃതമായ അപ്പർഡെക്കുകൾ പൂർത്തിയാക്കിയ ബോട്ടുകൾ സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ക്രമപ്പെടുത്താൻ തയ്യാറാണെങ്കിൽ അവ രജിസ്റ്റർ ചെയ്യുന്നതിനും ആലപ്പുഴയിലും കുമരകത്തും സ്വകാര്യ ആവശ്യത്തിനായി പ്രവർത്തിക്കുന്ന എഞ്ചിൻ ഘടിപ്പിച്ച 4 സീറ്റർ ബോട്ടുകൾക്കും അനുമതി നൽകാവുന്നതാണെന്നും മുഖ്യമന്ത്രിയുടെ യോഗത്തിൽ തീരുമാനിച്ചിട്ടുള്ളതായി തുറമുഖ വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. മറ്റ് സ്ഥലങ്ങളിൽ രജിസ്റ്റർ ചെയ്തശേഷം ആലപ്പുഴ, കുമരകം മേഖലകളിൽ പ്രവർത്തിക്കുന്ന ബോട്ടുകൾ അടിയന്തരമായി അതാത് പോർട്ട് ഓഫ് രജിസ്ട്രിയിൽ മാറ്റേണ്ടതാണെന്നും അംഗീകാരമില്ലാതെ സർവ്വീസ് നടത്തുന്ന ജങ്കാറുകൾ സെപ്റ്റംബർ മാസത്തിന് മുമ്പ് രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കേണ്ടതാണെന്നുള്ള നിർദ്ദേശം നൽകേണ്ടതാണെന്നും എല്ലാ പോർട്ട് ഓഫ് രജിസ്ട്രികളിലും അടിയന്തരമായി സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ടൂറിസം വകുപ്പ് നടപടികൾ സ്വീകരിക്കേണ്ടതാണെന്നും നിശ്ചിത സമയപരിധിക്കുള്ളിൽ എസ്.പി.വി. സൗകര്യം ഉപയോഗപ്പെടുത്താത്ത ഹൗസ് ബോട്ടുകൾക്ക് മലിനീകരണ നിയന്ത്രണ ബോർഡ് അനുവാദം നൽകുന്നില്ലെന്ന് ഉറപ്പുവരുത്തണമെന്നും ആലപ്പുഴ, കുമരകം മേഖലകളിൽ അനധികൃതമായി പ്രവർത്തിക്കുന്ന ബോട്ടുകൾ ഒരു കാരണവശാലും ഡിസംബർ മാസത്തിനുശേഷം അവിടെ തുടരാൻ അനുവദിക്കുവാൻ പാടില്ലായെന്നും പ്രസ്തുത യോഗത്തിൽ തീരുമാനിച്ചതായി തുറമുഖ വകുപ്പ് സെക്രട്ടറി തുടർന്ന് സമിതിയെ അറിയിച്ചു.

**ആലപ്പുഴ മേഖലയിലെ വിനോദസഞ്ചാര മേഖലയിൽ പ്രവർത്തിക്കുന്ന ബോട്ടുകളുടെ രജിസ്ട്രേഷൻ, ലൈസൻസ്, സുരക്ഷാ ക്രമീകരണ സംവിധാനങ്ങൾ എന്നിവ സംബന്ധിച്ച് സമിതി നൽകിയ നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടി റിപ്പോർട്ട്**

**ശിപാർശ നമ്പർ 1-**ന്മേലുള്ള മറുപടി സമിതി അംഗീകരിച്ചു.

**ശിപാർശ നമ്പർ 2-**ന്റെ ഉത്തരത്തിൽ മുഖ്യമന്ത്രിയുടെ യോഗതീരുമാനപ്രകാരം 22 ബോട്ടുകൾക്ക് രജിസ്ട്രേഷൻ നൽകിയെന്ന് തിരുത്തണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

**ശിപാർശ നമ്പർ 3-**മോട്ടോർ ആക്സിഡന്റ് ട്രൈബ്യൂണലുകളിൽ ജലഗതാഗത യാനങ്ങളുമായി ബന്ധപ്പെട്ട ഇൻഷ്വറൻസിന്റെ ക്ലെയിം സ്വീകരിക്കുന്നില്ലായെന്നും ആയത് പരിഹരിക്കുന്നതിന് നിയമ വകുപ്പ് തയ്യാറാക്കുന്ന ചട്ടം വേഗത്തിൽ പ്രസിദ്ധീകരിക്കുകയാണെങ്കിൽ ഇതുപോലുള്ള അപകടങ്ങളിൽ മരണം സംഭവിച്ചവരുടെ കുടുംബത്തിനോ നാശനഷ്ടമുണ്ടായ വ്യക്തികൾക്കോ ഇതിന്റെ ആനുകൂല്യങ്ങൾ ലഭിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടപ്പോൾ പ്രസ്തുത വിഷയം പരിശോധിക്കാമെന്ന് നിയമവകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നല്കി.

29-6-2019-ലെ മാരിടൈം ബോർഡ് യോഗത്തിൽ നിയമം അനുസരിക്കാത്ത ബോട്ടുകൾക്ക് പെനാൽറ്റി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിരുന്നുവെങ്കിലും അത് നടപ്പാക്കാൻ ഉത്തരവ് പുറപ്പെടുവിക്കാത്തതിന്റെ കാരണം സമിതി ആരാഞ്ഞപ്പോൾ ഇൻലാന്റ് നാവിഗേഷൻ വകുപ്പാണ് കേരള മാരിടൈം ബോർഡ് റൂൾസ് ഭേദഗതി ചെയ്യേണ്ടതെന്നും റൂൾസ് ഭേദഗതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ച് തുടങ്ങിയിട്ടുണ്ടെന്നും തുറമുഖ വകുപ്പ് സെക്രട്ടറി മറുപടി നൽകി. പെനാൽറ്റി വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഉത്തരവ് പുറപ്പെടുവിക്കാൻ കാലതാമസം വരുത്തിയതിനുള്ള കാരണം ബന്ധപ്പെട്ട സർക്കാർ വകുപ്പുകളോട് ആരായണമെന്ന് സമിതി നിർദ്ദേശിച്ചു.

**ശിപാർശ നമ്പർ 4, 5-**ശിപാർശ 4 ടൂറിസം വകുപ്പുമായി ബന്ധപ്പെട്ടതും സി-ഡിറ്റുമായി ബന്ധപ്പെട്ട ശിപാർശ 5 നേരത്തേ പരിഗണിച്ചതുമാണ്.

**ശിപാർശ നമ്പർ 6-**തുറമുഖ വകുപ്പ് ലഭ്യമാക്കിയിരിക്കുന്ന റിപ്പോർട്ടിൽ എത്ര ബോട്ടുകളുടെ ലൈസൻസ് സസ്പെന്റ് ചെയ്തുവെന്നോ അല്ലെങ്കിൽ റദ്ദ് ചെയ്തുവെന്നോ വ്യക്തമായി പറഞ്ഞിട്ടില്ലായെന്ന് സമിതി ചൂണ്ടിക്കാട്ടിയപ്പോൾ സ്റ്റെബിലിറ്റി ടെസ്റ്റ് പൂർത്തിയാക്കിയവയ്ക്ക് മാത്രമേ സർട്ടിഫിക്കറ്റ് നൽകാറുള്ളൂവെന്നും മാനദണ്ഡങ്ങൾ പൂർത്തിയാക്കാത്തവയെ കണ്ടെത്തിയാൽ അവയ്ക്ക് സസ്പെൻഷനു പകരം പെനാൽറ്റി ചുമത്തുകയാണ് പതിവെന്നും കേരള മാരിടൈം ബോർഡ് ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ പറഞ്ഞു.

നിലവിൽ കെ.ഐ.വി. റൂൾസിൽ ശിക്ഷാനടപടിക്ക് വ്യവസ്ഥയില്ലായെന്നും പുതിയ ഭേദഗതി മൂവ് ചെയ്തിട്ടുള്ളതായും തുറമുഖ വകുപ്പ് സെക്രട്ടറി കൂട്ടിച്ചേർത്തു. ഈ റിപ്പോർട്ട് വസ്തുതാപരമല്ലായെന്നും അതുകൊണ്ട് സമിതിക്ക് സ്വീകാര്യമല്ലായെന്നും വസ്തുതാപരമായ റിപ്പോർട്ട് അടുത്ത യോഗത്തിൽ ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

**ശിപാർശ നമ്പർ 7, 8-**എന്നിവയിന്മേലുള്ള മറുപടി സമിതി അംഗീകരിച്ചു.

**ശിപാർശ നമ്പർ 9-**മേൽ നികുതി വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**ശിപാർശ നമ്പർ 10, 11, 12 -** സി. ഡബ്ല്യൂ. ആർ.ഡി.എം.ന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ പോർട്ട് ഓഫ് രജിസ്ട്രിയുടെ പരിധിയിൽ നിന്ന് പുതിയ ബോട്ടുകൾ നിർമ്മിക്കുന്നതിന് അനുമതി നൽകുന്നത് നിർത്തിവച്ചിരിക്കുകയാണെന്ന് പറയുന്നത് അംഗീകരിക്കാൻ കഴിയില്ലായെന്ന് ബഹു. സമിതി ചെയർമാൻ പറഞ്ഞു. കാലപ്പഴക്കമുള്ള ബോട്ടുകളെ ഒഴിവാക്കേണ്ടത് വകുപ്പിന്റെ ചുമതലയാണെന്നും പുതിയവ നിർമ്മിക്കരുതെന്ന് പറയാൻ അധികാരമില്ലായെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

വസ്തുനിഷ്ഠവും നിയമാനുസൃതവും ഭാവിയിൽ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങളോടുകൂടിയ റിപ്പോർട്ട് സമർപ്പിക്കാൻ സമിതി തുറമുഖവകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തി. സി. ഡബ്ല്യൂ. ആർ.ഡി.എം.ന്റെ റിപ്പോർട്ടിൽ കായലിലെ കപ്പാസിറ്റി 315 ബോട്ടിന് മാത്രമാണെന്നും അത് വളരെ കുറവായതിനാൽ സമിതി ശിപാർശ ചെയ്താൽ അതുസംബന്ധിച്ച് ഗവൺമെന്റ് സെക്രട്ടറി തലത്തിൽ പഠനം നടത്താവുന്നതാണെന്നും തുറമുഖ വകുപ്പ് സെക്രട്ടറി പറഞ്ഞു.

ഹൗസ്ബോട്ട് മേഖലയിലെ പ്രശ്നങ്ങളും കായലിലെ ക്യാരിയിംഗ് കപ്പാസിറ്റിയെയും കുറിച്ച് പഠിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് സമിതിക്ക് സമർപ്പിക്കുന്നതിന് തുറമുഖ വകുപ്പ് സെക്രട്ടറി, ഇൻലാന്റ് നാവിഗേഷൻ വകുപ്പ് സെക്രട്ടറി, ടൂറിസം വകുപ്പ് സെക്രട്ടറി, കേരള മാരിടൈം ബോർഡ് സി.ഇ.ഒ. കൂടാതെ ഡി.ഐ.ജി. റാങ്കിലുള്ള ഒരു പോലീസ് ഓഫീസറെയോ അല്ലെങ്കിൽ എറണാകുളത്തേയും ആലപ്പുഴയിലേയും എസ്.പി.മാരെയോ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുവാൻ സമിതി നിർദ്ദേശിച്ചു.

2. 2017-ൽ നിയമസഭ പാസ്സാക്കിയ കേരള മാരിടൈം ബോർഡ് ആക്ടിന്റെ ഭേദഗതിയും കേരള മാരിടൈം ബോർഡ് 2019 ഫൈനൽ റൂൾസ് പ്രസിദ്ധീകരണവുമായി ബന്ധപ്പെട്ട് കേരള മാരിടൈം ബോർഡ് ചെയർമാൻ ശ്രദ്ധയിൽപ്പെടുത്തിയ വിഷയം സംബന്ധിച്ച്

(ഫയൽ നമ്പർ 4885/സബ്. സി. എ 2/2017/നി.സെ.)

പ്രസ്തുത വിഷയം സംബന്ധിച്ച് തുറമുഖ വകുപ്പ് സെക്രട്ടറിയുടെ റിപ്പോർട്ട് സമിതി പരിഗണിച്ചു.

ഉദ്യോഗസ്ഥരുടെ സ്ഥാനങ്ങളെല്ലാം നഷ്ടപ്പെടുമെന്നുള്ള ആശങ്കയെക്കുറിച്ചും കേരള വാട്ടർ അതോറിറ്റിയിൽ സ്വീകരിച്ച രീതിയിൽ ആവശ്യമായ നടപടി സ്വീകരിക്കുവാൻ മുഖ്യമന്ത്രി നിർദ്ദേശിച്ചിരിക്കുന്നതായി റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതിനെക്കുറിച്ചും എന്താണ് വാട്ടർ അതോറിറ്റിയുടെ രീതിയെന്ന് വ്യക്തതവരുത്തണമെന്നും സമിതി ആവശ്യപ്പെട്ടു.

കേരള മാരിടൈം ബോർഡ് രൂപീകരിച്ചപ്പോൾ ഡയറക്ടർ ഓഫ് പോർട്ടിന്റെ ഉദ്യോഗസ്ഥരെയാണ് മാരിടൈം ബോർഡിന്റെ ഉദ്യോഗസ്ഥരാക്കിയതെന്നും നേരത്തെ അവർക്ക് സർക്കാരിന്റെ എല്ലാ ആനുകൂല്യങ്ങളും ലഭിക്കുമായിരുന്നുവെന്നും പക്ഷെ മാരിടൈം ബോർഡിന്റെ ഉദ്യോഗസ്ഥരായപ്പോൾ അവർക്ക് ആനുകൂല്യം ലഭിക്കുന്നില്ലായെന്നും കേരള വാട്ടർ അതോറിറ്റി കമ്പനിയായപ്പോൾ ഉദ്യോഗസ്ഥർക്ക് കേരള സർക്കാരിന്റെ ആനുകൂല്യങ്ങൾ ലഭിക്കുന്ന തരത്തിലാണ് അവരെ ഉൾപ്പെടുത്തിയതെന്നും അതുകൊണ്ടാണ് വാട്ടർ അതോറിറ്റിയിൽ ഉദ്യോഗസ്ഥരെ നിയമിച്ചതുപോലെ മാരിടൈം ബോർഡിലും ഉദ്യോഗസ്ഥരെ നിയമിക്കണമെന്ന് മുഖ്യമന്ത്രി പറഞ്ഞതെന്നും തുറമുഖ വകുപ്പ് സെക്രട്ടറി മറുപടി നൽകി. ജീവനക്കാർക്ക് ശമ്പളം നൽകാനുള്ള വരുമാനം ബോർഡിന് ഉണ്ടാകണമെന്നും മാരിടൈം ബോർഡിൽ സെക്രട്ടറി ഉൾപ്പെടെയുള്ള പ്രധാന ഉദ്യോഗസ്ഥർ അന്യത്ര സേവനവ്യവസ്ഥയിലായിരിക്കുമെന്നും അത്രയും കാലത്തോളം ശമ്പളം മാരിടൈം ബോർഡ് കൊടുക്കണമെന്നും അവർക്ക് മറ്റ് ആനുകൂല്യങ്ങൾ നഷ്ടപ്പെടുകയുമില്ലായെന്നും സമിതി ചെയർമാൻ അഭിപ്രായപ്പെടുകയും മാരിടൈം ബോർഡിന് ഇലക്ട്രിസിറ്റി ബോർഡിന് ഉള്ളതുപോലെ വരുമാനമുണ്ടോയെന്ന് ആരായുകയും ചെയ്തു.

എല്ലാ മാസവും അഞ്ച് കോടി രൂപയോളം വരുമാനം ലഭിക്കുന്നതായും കോസ്റ്റൽ ഷിപ്പിംഗ് തുടങ്ങിക്കഴിഞ്ഞാൽ വരുമാനം വർദ്ധിക്കുമെന്നും തുറമുഖ വകുപ്പ് സെക്രട്ടറി പറഞ്ഞു. ആദ്യം പ്രധാന ജീവനക്കാരെ അന്യത്ര സേവനവ്യവസ്ഥയിലെടുത്ത് ഒരു നിശ്ചിത കാലം അത്തരത്തിൽ ജോലി ചെയ്യിക്കണമെന്നും അതുകഴിഞ്ഞ് ആ തസ്തികകളിലേക്ക് പി.എസ്.സി.വഴി നിയമനം നടത്തണമെന്നും ചെയർമാൻ അഭിപ്രായപ്പെട്ടു. അതിനുള്ള ഫയൽ നടപടി സ്വീകരിക്കുന്നുണ്ടെന്ന് തുറമുഖ വകുപ്പ് സെക്രട്ടറി പറഞ്ഞു.

കേരള മാരിടൈം ബോർഡ് ആക്ട് ഭേദഗതിയും കരട് ചട്ടങ്ങളുടെ രൂപീകരണവും ബഹു. മുഖ്യമന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കുവാൻ സമിതി നിർദ്ദേശിച്ചു.

3. 27-9-2018-ലെ സമിതി യോഗം-കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ ഘടന, ചുമതലകൾ, ഫണ്ട് വിനിയോഗം, പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് സമിതി നൽകിയ നിർദ്ദേശങ്ങളിന്മേൽ ഗതാഗത വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്.

(ഫയൽ നമ്പർ 3772/സബ്.സി.എ 2/2018/നി.സെ.)

കേരളത്തിലെ എല്ലാ ജില്ലകളിലും ഓരോ എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരെ നിയമിച്ചിട്ടുള്ളതായും അവരുടെ കീഴിൽ 35 സ്ക്വാഡുകളെ

വിന്യസിച്ചിട്ടുള്ളതായും കഴിഞ്ഞ ജനുവരി മുതലുള്ള കണക്കുകൾ പരിശോധിക്കുക യാണെങ്കിൽ അപകട നിരക്കിൽ 33.7 ശതമാനവും മരണനിരക്കിൽ 38.6 ശതമാനവും കുറവ് വന്നിട്ടുള്ളതായും പെനാൽറ്റി റേറ്റിൽ 36.2 ശതമാനം കുറവ് വന്നിട്ടുള്ളതായും കാര്യക്ഷമമായ പ്രവർത്തനം നടത്തുന്നതുകൊണ്ടാണ് വലിയ വ്യത്യാസം വന്നിട്ടുള്ളതെന്നും ഫണ്ട് റിലീസ് ചെയ്യുന്നതാണ് ഒരു പ്രശ്നമെന്നും കഴിഞ്ഞ രണ്ട് വർഷമായി 22 കോടി രൂപവച്ച് തന്നിട്ടുള്ളതായും ഈ വർഷത്തെ ബഡ്ജറ്റിൽ 93 കോടി രൂപയുണ്ടെങ്കിലും ഇതുവരെ ഒന്നുംതന്നെ റിലീസ് ചെയ്തിട്ടില്ലായെന്നും ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

2020-21-ലെ ബഡ്ജറ്റിൽ '3055-00-800-95—റോഡ് ഗതാഗതം-മറ്റ് ചെലവുകൾ- കേരള റോഡ് സുരക്ഷാ ഫണ്ടിലേക്ക് മാറ്റൽ ' എന്ന ശീർഷകത്തിൽ കേരള റോഡ് സേഫ്റ്റി അതോറിറ്റിക്ക് വകയിരുത്തിയിരിക്കുന്ന ഫണ്ട് റിലീസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. ഗതാഗത വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

4. 11-12-2018-ലെ സമിതി യോഗം - ധനകാര്യവകുപ്പ്, പതിനഞ്ചാം ധനകാര്യ കമ്മീഷന് സമർപ്പിക്കുന്ന മെമ്മോറാണ്ടത്തിൽ, 3054-03-103-97—റോഡുകളും പാലങ്ങളും- സംസ്ഥാന ഹൈവേകൾ- സംരക്ഷണവും അറ്റകുറ്റപ്പണികളും എന്ന ശീർഷകവുമായി ബന്ധപ്പെട്ട് പ്രൊപ്പോസൽ സമർപ്പിക്കണമെന്ന സമിതി നിർദ്ദേശത്തിന്മേൽ പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്

(ഫയൽ നമ്പർ 5616/ സബ്.സി.എ 2/2016/നി.സെ.)

പ്രസ്തുത പ്രൊപ്പോസൽ ഒരു അഡീഷണൽ മെമ്മോറാണ്ടമായി ധനകാര്യ വകുപ്പ് ധനകാര്യ കമ്മീഷനിൽ കൊടുത്തിട്ടുള്ളതായും പക്ഷേ സംസ്ഥാന ഹൈവേകൾക്ക് [Major Districts Roads (MDR)] കേന്ദ്ര സർക്കാരിന്റെ സഹായമില്ലായെന്നും സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെട്ടിട്ടുള്ള നാഷണൽ ഹൈവേകളെ ബന്ധിപ്പിക്കുന്ന മേജർ ഡിസ്ട്രിക്റ്റ്സ് റോഡുകൾക്ക് മാത്രമേ ഫണ്ട് തരികയുള്ളൂവെന്നും പൊതുമരാമത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

(യോഗം ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.)

# 24-2-2021-ലെ യോഗനടപടിക്കുറിപ്പ്

മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V, 2021 ഫെബ്രുവരി മാസം 24-ാം തീയതി ബുധനാഴ്ച രാവിലെ 11 മണിക്ക് നിയമസഭാ സമുച്ചയത്തിലെ '5 ഡി' സമ്മേളന ഹാളിൽ സമിതി ചെയർമാനും ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു.

തദവസരത്തിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളിയും ബഹു. ഗതാഗത വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രനും ഹാജരായിരുന്നു.

ഹാജരായ അംഗം:

1. ശ്രീ. ഒ. രാജഗോപാൽ, എം.എൽ.എ.

വീഡിയോ കോൺഫറൻസ് മുഖേന പങ്കെടുത്ത അംഗങ്ങൾ:

1. ശ്രീ. ജോൺ ഫെർണാണ്ടസ്, എം.എൽ.എ.
2. ശ്രീ. കെ. സി. ജോസഫ്, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി എസ്. ജയശ്രീ, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി രജനി വി. ആർ., ഡെപ്യൂട്ടി സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. ബിജു പ്രഭാകർ, സെക്രട്ടറി, ഗതാഗത വകുപ്പ്
2. ശ്രീ. പ്രണബ്ജ്യോതി നാഥ്, സെക്രട്ടറി, പൊതുമരാമത്ത്/ജലവിഭവ വകുപ്പ്
3. ശ്രീ. റ്റി. പി. സലീം കുമാർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈം ബോർഡ്
4. ഡോ. ജയകുമാർ, മാനേജിംഗ് ഡയറക്ടർ, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ്
5. ശ്രീ. വി. ആർ. രാജു, കമ്പനി സെക്രട്ടറി, കേരള സ്റ്റേറ്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ

6. ശ്രീ. ജെ. ബെൻസി, അഡീഷണൽ സെക്രട്ടറി, റവന്യൂ വകുപ്പ്

7. ശ്രീമതി സോണിയ വാഷിംഗ്ടൺ, ജോയിന്റ് സെക്രട്ടറി, പൊതുമരാമത്ത് വകുപ്പ്

8. ശ്രീമതി കെ. എസ്. വിജയശ്രീ, ജോയിന്റ് സെക്രട്ടറി, ഗതാഗത വകുപ്പ്

9. ശ്രീ. പി. റ്റി. ജോയി, ജോയിന്റ് സെക്രട്ടറി, മത്സ്യബന്ധന-തുറമുഖ വകുപ്പ്

10. ശ്രീ. അജിത് രാമചന്ദ്രൻ, ചീഫ് എഞ്ചിനീയർ (റോഡ്സ്), പൊതുമരാമത്ത് വകുപ്പ്

11. ശ്രീമതി ഹൈജീൻ ആൽബർട്ട്, ചീഫ് എഞ്ചിനീയർ (കെട്ടിട വിഭാഗം), പൊതുമരാമത്ത് വകുപ്പ്

12. ശ്രീ. എം. അശോക് കുമാർ, ചീഫ് എഞ്ചിനീയർ (നാഷണൽ ഹൈവേ), പൊതുമരാമത്ത് വകുപ്പ്

13. ശ്രീ. അരുൺ കെ. ജേക്കബ്, ചീഫ് എഞ്ചിനീയർ, ഇൻലാന്റ് നാവിഗേഷൻ

14. ശ്രീമതി കെ. സി. അനുരാധ, ഡെപ്യൂട്ടി സെക്രട്ടറി, കേരള സംസ്ഥാന റോഡ് സുരക്ഷാ അതോറിറ്റി

15. ശ്രീ. കെ. രവീന്ദ്രൻ ആശാരി, സീനിയർ ഫിനാൻസ് ഓഫീസർ, പൊതുമരാമത്ത് വകുപ്പ്

16. ശ്രീമതി ഷഫീന, സീനിയർ ഫിനാൻസ് ഓഫീസർ, മോട്ടോർ വാഹന വകുപ്പ്

17. ശ്രീ. ലൂയിസ് എ. ഫെർണാണ്ടസ്, സീനിയർ ഫിനാൻസ് ഓഫീസർ (റോഡ്സ് ആന്റ് ബ്രിഡ്ജസ്), പൊതുമരാമത്ത് വകുപ്പ്

18. ശ്രീ. എൻ. സതീഷ്, സീനിയർ ഫിനാൻസ് ഓഫീസർ (നാഷണൽ ഹൈവേ), പൊതുമരാമത്ത് വകുപ്പ്

19. ശ്രീ. മുഹമ്മദ് താഹ, ഫിനാൻസ് ഓഫീസർ, സംസ്ഥാന ജലഗതാഗത വകുപ്പ്.

സമിതി വിവിധ റിപ്പോർട്ടുകൾ, നടപടി സ്റ്റേറ്റ്മെന്റ്, കാലതാമസപത്രിക, ശ്രദ്ധയിൽപ്പെടുത്താനുള്ള ഫയലുകൾ എന്നിവ പരിഗണനയ്ക്കെടുക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു:

<u>റിപ്പോർട്ടുകളുടെ പരിഗണന</u>

**(1) 18-2-2020-ലെ സമിതി യോഗം - 2019-20-ലെ ബഡ്ജറ്റിൽ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട പ്ലാൻ അലോക്കേഷൻ തുക സംബന്ധിച്ച് സമിതി ആവശ്യപ്പെട്ട അധിക വിവരത്തിന്മേൽ പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട്**

(ഫയൽ നമ്പർ 2214/സബ്.സി.എ 2/2020/നി.സെ.)

18-2-2020-ലെ യോഗ നിർദ്ദേശം എന്തായിരുന്നുവെന്ന് സമിതി ആരാഞ്ഞപ്പോൾ ജോയിന്റ് സെക്രട്ടറി ആയത് വിശദമാക്കി.

18-2-2020-ലെ ധനാഭ്യർത്ഥനകളുടെ പരിശോധനാവേളയിൽ നാല് നിർദ്ദേശങ്ങളാണ് നൽകിയിരുന്നത്.

(i) 2017-18-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചത് പ്രകാരം പഠനം നടത്തി പുനർനിർമ്മാണം ആവശ്യമാണെന്ന് കണ്ടെത്തിയ പാലങ്ങൾക്ക് ഫണ്ട് ഇതുവരെ അനുവദിക്കാത്തതിനാൽ ഇനിയും പുനർനിർമ്മിക്കേണ്ട പാലങ്ങൾക്ക് അധികമായി തുക അനുവദിക്കുന്നതിനായുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് (ബ്രിഡ്ജസ്) വിഭാഗം സർക്കാരിന് സമർപ്പിക്കുക.

(ii) നിലവിൽ പൊതുമരാമത്ത് വകുപ്പിന്റെ ഹെഡ് ഓഫ് അക്കൗണ്ടിൽ ഉൾപ്പെട്ടിട്ടുള്ള നിശ്ചിത വീതിക്ക് താഴെയുള്ള റോഡുകളുമായി ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടുകളെല്ലാം പൊതുമരാമത്ത് വകുപ്പിൽനിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഹെഡ്ഡിലേയ്ക്ക് മാറ്റുക.

(iii) '4059-80-051-75—പൊതുമരാമത്ത് മൂലധനച്ചെലവ് - ജനറൽ - നിർമ്മാണം-സൂക്ഷ്മപരിശോധനാ പ്രവൃത്തികൾ' എന്നതിന് പകരം 'ഭരണാനുമതി നൽകുന്നതിനുവേണ്ടിയുള്ള പ്രാരംഭ പ്രവർത്തനങ്ങൾ' എന്ന് ചേർക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക.

(iv) 2019-2020-ലെ ബഡ്ജറ്റിൽ പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട പ്ലാൻ അലോക്കേഷൻ തുക, എത്ര തുക റിലീസ് ചെയ്തു, എത്ര രൂപയുടെ ബിൽ പെന്റിംഗുണ്ട് തുടങ്ങിയ വിശദാംശങ്ങൾ സമിതിക്ക് ലഭ്യമാക്കുക.

രണ്ടാമത്തെ നിർദ്ദേശത്തിൽ നിശ്ചിത വീതിക്ക് താഴെയുള്ള റോഡുകൾ എന്നതിനുപകരം പൊതുമരാമത്ത് വകുപ്പിന്റേതല്ലാത്ത എൽ.എസ്.ജി.ഡി.-യുടെ റോഡുകൾ എന്ന് തിരുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

ആദ്യത്തെ നിർദ്ദേശത്തിനുള്ള മറുപടി ലഭിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞപ്പോൾ നാല് നിർദ്ദേശങ്ങളിൽ നാലാമത്തെ നിർദ്ദേശത്തിന് മാത്രമേ മറുപടി ലഭിച്ചിട്ടുള്ളുവെന്ന് ജോയിന്റ് സെക്രട്ടറി അറിയിച്ചു.

പൊതുമരാമത്ത് കെട്ടിടങ്ങൾ, നിരത്തുകൾ, ദേശീയപാത എന്നീ വിഭാഗങ്ങളുടെ 1-5-2020 മുതൽ 31-12-2020 വരെയുള്ള കുടിശ്ശിക ബിൽ തുകയുടെ വിശദാംശങ്ങൾ സമിതിയ്ക്ക് ലഭ്യമാക്കിയ കുറിപ്പിൽ നൽകിയിട്ടുള്ളതായും കെട്ടിട വിഭാഗങ്ങൾക്ക് 42.96 കോടി രൂപയുടെയും നിരത്ത് വിഭാഗത്തിന് 1195 കോടി രൂപയുടെയും ബിൽ കുടിശ്ശികയുണ്ടെന്നും പൊതുമരാമത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

18-2-2020-ലെ യോഗനിർദ്ദേശങ്ങളിൽ 1, 2, 3 എന്നിവയിന്മേൽ മറുപടി ലഭ്യമാക്കാത്തത് എന്തുകൊണ്ടാണെന്ന് സമിതി ആരാഞ്ഞപ്പോൾ ക്രമനമ്പർ 2, 3 എന്നീ നിർദ്ദേശങ്ങൾ ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ടതായതിനാൽ ആയത് സംബന്ധിച്ച റിപ്പോർട്ട് നേരിട്ട് നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കണമെന്ന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുള്ളതായി പൊതുമരാമത്ത് വകുപ്പിൽ നിന്നും 10-11-2020-ലെ കത്ത് മുഖേന അറിയിച്ചിട്ടുള്ളതായി ജോയിന്റ് സെക്രട്ടറി മറുപടി നൽകി.

എൽ.എസ്.ജി.ഡി.യുടെ റോഡുകൾ പൊതുമരാമത്ത് വകുപ്പിന്റേതല്ലെന്ന് ധനകാര്യ വകുപ്പാണ് പറയേണ്ടതെന്നും അതുകൊണ്ട് ഹെഡ് ഓഫ് അക്കൗണ്ട് മാറ്റണമെന്ന് ധനകാര്യ വകുപ്പിനെ അറിയിച്ചിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞപ്പോൾ ഹെഡ് ഓഫ് അക്കൗണ്ട് പൊതുമരാമത്ത് വകുപ്പിൽ നിന്നും മാറ്റണമെന്ന് ആവശ്യപ്പെട്ട് കത്ത് കൊടുത്തിട്ടുള്ളതായി ചീഫ് എഞ്ചിനീയർ (റോഡ്സ്) പൊതുമരാമത്ത് വകുപ്പ് സമിതിയെ അറിയിച്ചു.

പൊതുമരാമത്ത് ഹെഡ് ഓഫ് അക്കൗണ്ടിൽ ഉൾപ്പെട്ടിട്ടുള്ള എൽ.എസ്.ജി.ഡി. റോഡുകൾ പൊതുമരാമത്തിന്റെ ഹെഡിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഹെഡിലേക്ക് അടിയന്തരമായി മാറ്റണമെന്ന് ആവശ്യപ്പെട്ട് ധനകാര്യ വകുപ്പിന് കത്ത് നൽകണമെന്നും പൊതുമരാമത്ത് വകുപ്പിന്റെ ഹെഡ്ഡിൽ അനുവദിച്ചിരിക്കുന്ന എൽ.എസ്.ജി.ഡി.-യുടെ റോഡുകൾ നിർമ്മിക്കുന്നതിനുള്ള തുക തിരിച്ചെടുക്കാൻ അറിയിച്ചിട്ടും ധനകാര്യ വകുപ്പ് നടപടിയെടുക്കാത്തതിനുള്ള വിശദീകരണം ആവശ്യപ്പെടണമെന്നും പൊതുമരാമത്ത് വകുപ്പിനോട് സമിതി നിർദ്ദേശിച്ചു.

കൂടാതെ 2016-17, 2017-18, 2018-19, 2019-20, 2020-21 എന്നീ അഞ്ചു വർഷങ്ങളിലെ പൊതുമരാമത്ത് കെട്ടിട വിഭാഗം, നിരത്തും പാലങ്ങളും, ദേശീയപാത എന്നിവയുടെ അലോക്കേഷൻ തുക, റിലീസ് ചെയ്ത തുക, പെന്റിംഗ് ബിൽ തുക സംബന്ധിച്ച വിശദാംശങ്ങൾ അടിയന്തരമായി ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

## (2) 30-7-2019-ലെ സമിതി യോഗം-സംസ്ഥാനത്തെ വിവിധ തുറമുഖങ്ങളിലെ പാർക്കിംഗ് പ്രശ്നം പരിഹരിക്കുന്നത് സംബന്ധിച്ച് സമിതി നിർദ്ദേശത്തിന്മേൽ തുറമുഖ വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട്

(ഫയൽ നമ്പർ 5542/സബ്.സി.എ.2/2019/നി.സെ.)

അദാനി, വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് എന്നിവർ തമ്മിലാണ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണത്തിനായുള്ള കരാർ ഒപ്പിട്ടിരിക്കുന്നതെന്നും മാസ്റ്റർ പ്ലാൻ അനുസരിച്ച് 500-ൽ കൂടുതൽ കണ്ടെയ്നർ പാർക്ക് ചെയ്യാനുള്ള എക്സിക്യൂട്ടീവ് ട്രക്ക് ടെർമിനലും മുപ്പതോളം കണ്ടെയ്നർ ലോറികൾ തുറമുഖത്തിനടുത്ത് പാർക്ക് ചെയ്യാനുള്ള സൗകര്യവും വിഭാവനം ചെയ്തിട്ടുള്ളതായും വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ സമിതിയെ അറിയിച്ചു. തുറമുഖ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

## (3) 9-8-2016-ലെ സമിതി യോഗം - കേരളത്തിലെ പ്രധാനപ്പെട്ട വാണിജ്യ നഗരങ്ങളിലേയ്ക്ക് ചരക്ക് കൈമാറ്റം നടത്തുവാൻ ജലമാർഗ്ഗം തെരഞ്ഞെടുക്കണമെന്ന സമിതി നിർദ്ദേശത്തിന്മേൽ സി.എസ്.ഐ.എൻ., റവന്യൂ എന്നീ വകുപ്പുകൾ ലഭ്യമാക്കിയ റിപ്പോർട്ടുകൾ.

(ഫയൽ നമ്പർ 5616/സബ്.സി.എ 2/2016/നി.സെ.)

തിരുവനന്തപുരം ജില്ലയിലെ കോവളം മുതൽ കാസർഗോഡ് ജില്ലയിലെ ബേക്കൽ വരെ 616 കിലോമീറ്റർ ജലപാതയിൽ 520 കിലോമീറ്റർ പ്രവൃത്തി പൂർത്തീകരിച്ചു കഴിഞ്ഞുവെന്നും ഗതാഗത യോഗ്യമായ കായലുകളിലും കനാലുകളിലും ചരക്കു ഗതാഗതം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട തീരുമാനം സർക്കാർ തലത്തിൽ എടുക്കേണ്ടതുണ്ടെന്നും തിരുവനന്തപുരം വേളി മുതൽ തൃശ്ശൂർ ചാവക്കാട് വരെ നേരിട്ട് പോകാവുന്ന അവസ്ഥയിൽ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും പ്രസ്തുത ജലപാതയിൽ 100 കിലോമീറ്റർ പ്രവൃത്തി കൂടി പൂർത്തീകരിക്കുന്നതിനായി 36 കിലോമീറ്റർ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്നും കേരള സ്റ്റേറ്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ കമ്പനി സെക്രട്ടറി സമിതിയെ അറിയിച്ചു.

തുടർന്ന് പ്രസ്തുത വിഷയം സംബന്ധിച്ച് റവന്യൂ വകുപ്പിന് അനുബന്ധ പ്രവർത്തനങ്ങളാണ് ചെയ്യാനുള്ളതെന്നും ജലഗതാഗതം വികസിപ്പിക്കുമ്പോൾ വശങ്ങളിൽ/തീരങ്ങളിൽ നിന്നും ഒഴിപ്പിക്കൽ നടപടികളും സർവ്വേ നടപടികളുമാണ് റവന്യൂ വകുപ്പ് ചെയ്യുന്നതെന്നും റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

രാത്രി 10 മണിമുതൽ വെളുപ്പിന് 5 മണിവരെയുള്ള സമയം ട്രെയിലറുകൾ, ടാങ്കറുകൾ, കണ്ടെയ്നറുകൾ എന്നിവയ്ക്ക് റോഡിലൂടെയുള്ള യാത്ര ക്രമീകരിച്ചുകൊണ്ട് സമയം നിശ്ചയിക്കണമെന്നും രാവിലെ 6 മണി മുതൽ രാത്രി 9 മണിവരെ മറ്റുള്ള വാഹനങ്ങൾക്ക് യാത്ര നടത്തേണ്ടതിനാൽ വലിയ വാഹനങ്ങൾ രാത്രി 9 മണിക്കുശേഷവും വെളുപ്പിന് 5 മണിക്കു മുൻപേയും യാത്ര ചെയ്യുന്നതാകും ഉചിതമെന്നും പ്രസ്തുത സമയത്തിനുശേഷം വാഹനം എവിടെ എത്തുന്നുവോ, അവിടെവച്ച് യാത്ര നിർത്തിവച്ചശേഷം തുടർന്നുള്ള യാത്ര അനുവദിക്കപ്പെട്ട സമയത്ത് തുടരുന്നതാകും നല്ലതെന്നും സമിതി അഭിപ്രായപ്പെട്ടു.

ചരക്ക് ഗതാഗതത്തിന്റെ സമയത്തിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതിനെക്കുറിച്ചും ഇത്തരം വാഹനങ്ങൾ യാത്ര ചെയ്യുന്നത് രാത്രികാലങ്ങളിൽ മാത്രമായി നിയന്ത്രിക്കേണ്ടതുണ്ടോയെന്നും സംബന്ധിച്ച് റോഡ് സേഫ്റ്റി അതോറിറ്റിയുടെ അഭിപ്രായം ആരായണമെന്ന് സമിതി നിർദ്ദേശിച്ചു.

സി.എസ്.ഐ.എൻ., റവന്യൂ എന്നീ വകുപ്പുകൾ ലഭ്യമാക്കിയ റിപ്പോർട്ടുകൾ സമിതി അംഗീകരിച്ചു.

## (4) 27-9-2018-ലെ സമിതി യോഗം - എല്ലാ ജില്ലകളിലും എയർസ്ട്രിപ്പുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് സാധ്യതാപഠനം നടത്തുന്നതിന് ആവശ്യമായ നടപടികൾ ത്വരിതപ്പെടുത്തണമെന്ന നിർദ്ദേശത്തിന്മേൽ ഗതാഗത വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട്

(ഫയൽ നമ്പർ 2304/സബ്.സി.എ 2/2016/നി.സെ.)

എയർസ്ട്രിപ്പുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് സാധ്യതാപഠനം നടത്തുന്നതിന് മൂന്ന് തലങ്ങളിലായി കേന്ദ്ര സർക്കാരിന് പ്രോജക്റ്റ് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതായും കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കാത്തതുകൊണ്ടാണ് എയർസ്ട്രിപ്പ് ആരംഭിക്കാൻ സാധിക്കാത്തതെന്നും മറ്റ് വിമാനത്താവളങ്ങളുമായി ബന്ധപ്പെട്ട് ചെറിയ എയർസ്ട്രിപ്പുകൾ തുടങ്ങാനുള്ള സാധ്യതയെക്കുറിച്ച് കേന്ദ്രത്തിൽ നിന്നും അനുകൂലമായ റിപ്പോർട്ട് ലഭിച്ചിട്ടില്ലായെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത വിഷയം ഏറ്റെടുക്കാമെന്നും ബേക്കൽ, വയനാട്, ഇടുക്കി തുടങ്ങിയ സ്ഥലങ്ങളിലാണ് സർവ്വേ നടത്തി സ്ഥലം കണ്ടെത്തിയിട്ടുള്ളതെന്നും ഗതാഗത വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. ഗതാഗത വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

## (5) കെ. എസ്. ആർ. ടി. സി. യുടെ കൈവശമുള്ള പട്ടയമില്ലാത്ത ഭൂമിക്ക് പട്ടയം ലഭ്യമാക്കണമെന്ന പൊതു ശിപാർശയിന്മേൽ ഗതാഗത വകുപ്പ് ലഭ്യമാക്കിയ നടപടി റിപ്പോർട്ട്

(ഫയൽ നമ്പർ 2574/സബ്.സി.എ 2/2012/നി.സെ.)

ടിക്കറ്റ് ഇതര വരുമാനമുണ്ടാക്കിയാൽ മാത്രമേ കെ.എസ്.ആർ.ടി.സി.-ക്ക് മുന്നോട്ട് പോകാൻ സാധിക്കുകയുള്ളൂവെന്നും ആയതിനാൽ കെ.എസ്.ആർ.ടി.സി.-യുടെ കൈവശമുള്ള പട്ടയമുള്ള ഭൂമിയും പട്ടയമില്ലാത്ത ഭൂമിയും 30 വർഷത്തേയ്ക്ക് പാട്ടത്തിന് കൊടുക്കാനുള്ള അനുമതി നൽകണമെന്നാവശ്യപ്പെട്ട് റവന്യൂ വകുപ്പ് സെക്രട്ടറിക്ക് കത്ത് നൽകിയിരുന്നു വെന്നും ഗതാഗത വകുപ്പ് സെക്രട്ടറി പറഞ്ഞു. നേരത്തെ പൂർണ്ണതോതിൽ ടിക്കറ്റിൽ നിന്നും വരുമാനം ലഭിച്ചിരുന്നപ്പോഴും 60 കോടി രൂപയുടെ വ്യത്യാസമുണ്ടായിരുന്നുവെന്നും ആയതിനാലാണ് വിവിധ പ്രവൃത്തികളിലൂടെ തുക കണ്ടെത്താൻ ഉദ്ദേശിക്കുന്നതെന്നും സി.എൻ.ജി. ബസ്സുകൾ വാങ്ങുമ്പോൾ വിലയിൽ 25 കോടി രൂപയോളം കുറവുണ്ടാകുമെന്നും കിഫ്ബിയുമായി ചേർന്ന് വികാസ്ഭവൻ ഡിപ്പോയിലും കെ.റ്റി.ഡി.സി.-യുമായി ചേർന്ന് മൂന്നാറിലും ഹോട്ടലുകൾ വികസിപ്പിക്കുന്നതായും ഇക്കാര്യങ്ങളിലെല്ലാം വരുന്ന പ്രധാനപ്പെട്ട പ്രശ്നം പട്ടയമില്ലാത്തതാണെന്നും ഗതാഗത വകുപ്പ് സെക്രട്ടറി കൂട്ടിച്ചേർത്തു. കൂടാതെ വകുപ്പിന്റെ 75-ഓളം കൺസ്യൂമർ പമ്പുകൾ ഇൻഡ്യൻ ഓയിൽ കോർപ്പറേഷനും ബി.പി.സി.എൽ.-മായി ചേർന്ന് ജനങ്ങൾക്കുകൂടി ഉപകാരപ്രദമാകുന്ന രീതിയിൽ റീട്ടെയിൽ പമ്പുകളാക്കാൻ തീരുമാനിച്ചിരിക്കുകയാണെന്നും അവിടേയും നിരാക്ഷേപസാക്ഷ്യപത്രവുമായി ബന്ധപ്പെട്ട് പട്ടയത്തിന്റെ പ്രശ്നം പറഞ്ഞുകൊണ്ട് കളക്ടർമാർ വൈകിപ്പിക്കുകയാണെന്നും കെ.എസ്.ആർ.ടി.സി.-യുടെ വിഷയമായതുകൊണ്ട് കളക്ടർമാർ പട്ടയത്തിന്റേയും പാട്ടത്തിന്റേയും വിഷയങ്ങൾ പരിഗണിക്കേണ്ടതില്ലെന്നും സൂചിപ്പിച്ചു കൊണ്ട് കത്തയയ്ക്കാമെന്ന് പറഞ്ഞെങ്കിലും പ്രസ്തുത കത്ത് റവന്യൂ വകുപ്പിൽ നിന്നും അയച്ചിട്ടില്ലായെന്നും ഗതാഗത വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

കെ.എസ്.ആർ.ടി.സി.-ക്ക് പട്ടയം ലഭിച്ച ഭൂമിയും പട്ടയം ലഭിക്കാത്ത ഭൂമിയുമുണ്ടെന്നും നിർമ്മാണ പ്രവർത്തനങ്ങൾ ക്രമീകരിക്കുന്നതിന് പട്ടയം ലഭിക്കാത്ത ഭൂമിയിൽ അതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുണ്ടെന്നും പട്ടയം ലഭിച്ച ഭൂമിയിൽ കെ.എസ്.ആർ.ടി.സി.-ക്ക് എപ്രകാരം ക്രയവിക്രയം നടത്താമെന്നുള്ള വിഷയമാണ് പരിശോധിക്കാനുള്ളതെന്നും ബഹു. ഗതാഗത വകുപ്പുമന്ത്രി പറഞ്ഞു.

സാധാരണഗതിയിൽ റവന്യൂ വകുപ്പ് ഉപയോഗാനുമതിയാണ് നൽകാറുള്ളതെന്ന് റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറി മറുപടി നൽകി. പ്രാഥമിക ഉടമസ്ഥാവകാശം കെ.എസ്.ആർ.ടി.സി.-യിൽ നിലനിർത്തിക്കൊണ്ട് കെ.എസ്.ആർ.ടി.സി.ക്ക് മറ്റ് രീതിയിൽ ഏതൊക്കെ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്താൻ സാധിക്കുമെന്നുള്ളതാണ് ആശയമെന്നും ആയതുമായി ബന്ധപ്പെട്ട പദ്ധതിയാണ് കെ.എസ്.ആർ.ടി.സി.-യുടെ പെട്രോൾ പമ്പുകൾ മറ്റുള്ളവർക്കും ഉപയോഗിക്കാമെന്നുള്ളതെന്നും അപ്രകാരം ചെയ്യുമ്പോൾ കെ.എസ്.ആർ.ടി.സി.-ക്ക് വരുമാനമാകുകയും കുറച്ച് ജീവനക്കാർക്ക് ജോലി നൽകാനും സാധിക്കുമെന്നും സമിതി അഭിപ്രായപ്പെട്ടു.

കെ.എസ്.ആർ.ടി.സി.-ക്ക് അവകാശമുള്ള ഭൂമിയിൽ അടിയന്തരമായി പട്ടയം നൽകുന്നതിന് പ്രത്യേക നടപടികൾ സ്വീകരിക്കണമെന്ന് റവന്യൂ വകുപ്പിനോട് സമിതി ശിപാർശ ചെയ്തു. ടിക്കറ്റിതര വരുമാനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നതിൽ പ്രശ്നമില്ലായെന്നും പക്ഷെ ഭൂമി പാട്ടത്തിന് കൊടുക്കുന്ന നടപടി വളരെ ശ്രദ്ധയോടെ ചെയ്യേണ്ട കാര്യമാണെന്നും സമിതി അഭിപ്രായപ്പെട്ടു.

3100 കോടി രൂപയാണ് ബാങ്കിൽ നിന്ന് വായ്പയെടുത്തിരിക്കുന്നതെന്നും സുശീൽഖന്ന റിപ്പോർട്ടനുസരിച്ച്, വായ്പയുടെ തിരിച്ചടവിനായി അധിക ഭൂമി വിൽക്കാനാണ് ഒരു ഘട്ടത്തിൽ തീരുമാനിച്ചിരുന്നതെന്നും തുടർന്ന് പുതിയ നിർദ്ദേശപ്രകാരമാണ് ഭൂമി പാട്ടത്തിന് നൽകിയാൽ മതിയെന്ന് തീരുമാനിച്ചതെന്നും ഗതാഗത വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ഭൂമി പാട്ടത്തിന് നൽകിയാൽ പിന്നീടത് തിരിച്ചെടുക്കാൻ സാധിക്കുമോയെന്ന് സമിതി ആരാഞ്ഞപ്പോൾ 30 വർഷത്തേയ്ക്കാണ് ഭൂമി പാട്ടത്തിന് നൽകുന്നതെന്നും അതിൽ നിന്നും കൂടുതൽ കാലയളവിലേയ്ക്ക് പാട്ടത്തിന് കൊടുക്കേണ്ടതില്ലെന്നുമാണ് മുഖ്യമന്ത്രിയുടെ യോഗത്തിൽ തീരുമാനമെടുത്തിരുന്നതെന്നും ഗതാഗത വകുപ്പ് സെക്രട്ടറി മറുപടി നൽകി.

ഭൂമി പാട്ടത്തിന് കൊടുത്താൽ പിന്നീട് ഒഴിഞ്ഞുകിട്ടാൻ ബുദ്ധിമുട്ടായിരിക്കുമെന്നും പൊതുമരാമത്ത് വകുപ്പിന്റെ റസ്റ്റ് ഹൗസുകൾ പാട്ടത്തിന് കൊടുത്ത് പാട്ട കാലാവധി കഴിഞ്ഞിട്ടും ഒഴിയാത്ത സാഹചര്യമുണ്ടായിരുന്നുവെന്നും ആലുവയിലെ റസ്റ്റ് ഹൗസ് ഇപ്പോഴും ഒഴിപ്പിക്കാൻ കഴിഞ്ഞിട്ടില്ലായെന്നും ആയതിനാൽ പാട്ടത്തിന് കൊടുക്കുന്ന നടപടി നല്ല രീതിയിലുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി വളരെ ശ്രദ്ധാപൂർവ്വം ചെയ്യേണ്ട കാര്യമാണെന്നും സമിതി അഭിപ്രായപ്പെട്ടു.

ഗതാഗത വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

നടപടി സ്റ്റേറ്റ്മെന്റിന്റെ പരിഗണന

## (6) 2019-20-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശ 117-121, 125 എന്നിവയിന്മേൽ സി.എസ്.ഐ.എൻ. വകുപ്പ് ലഭ്യമാക്കിയത് (കാലതാമസ പത്രിക സഹിതം)

(ഫയൽ നമ്പർ 3014/സബ്.സി.എ.2/2019/നി.സെ.)

2019-20-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശ 117-121, 125 എന്നിവയിന്മേൽ സി.എസ്.ഐ.എൻ. വകുപ്പ് ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റും കാലതാമസപത്രികയും സമിതി അംഗീകരിച്ചു.

കാലതാമസപത്രികയുടെ പരിഗണന

## (7) 2018-19 സാമ്പത്തിക വർഷത്തിൽ ധനാഭ്യർത്ഥന നമ്പർ IX (വാഹന നികുതികൾ), XLI (ഗതാഗതം) എന്നിവയുടെകീഴിൽ വരുന്ന വിവിധ കണക്കിനങ്ങളിലായി ഗതാഗത വകുപ്പിനും 2019-20 സാമ്പത്തിക വർഷത്തിൽ ധനാഭ്യർത്ഥന നമ്പർ XLI (ഗതാഗതം)-ന് കീഴിൽ വിവിധ കണക്കിനങ്ങളിലായി സി.എസ്.ഐ.എൻ. വകുപ്പിനും ലഭിച്ച ബഡ്ജറ്റ് വിഹിതം ചെലവഴിച്ചത് സംബന്ധിച്ച വാർഷിക പ്രവർത്തന റിപ്പോർട്ട് ലഭ്യമാക്കുന്നതിന് കാലതാമസമുണ്ടായത് സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ

(ഫയൽ നമ്പർ 132/സബ്.സി.എ 2/2019/നി.സെ.)

(ഫയൽ നമ്പർ 259/സബ്.സി.എ 2/2020/നി.സെ.)

പ്രസ്തുത കാലതാമസപത്രികകൾ സമിതി അംഗീകരിച്ചു.

സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തിയ ഫയൽ

## (8) 24-4-2018-ലെ സമിതി യോഗനിർദ്ദേശം - അനന്തര നടപടി സംബന്ധിച്ച്

(ഫയൽ നമ്പർ 3674/സബ്.സി.എ 2/2018/നി.സെ.)

സമിതിയുടെ 24-4-2018-ലെ യോഗത്തിൽ 2015-16 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ഖണ്ഡിക 108-ലെ ശിപാർശയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് പരിഗണിക്കവേ ഡ്രൈവിംഗ് ടെസ്റ്റ്

ട്രാക്കുകളുടെ നിർമ്മാണം, ജി.പി.എസ്. സംവിധാനം, സ്പീഡ് ക്യാമറ സർവെയിലൻസ് സംവിധാനം എന്നിവയ്ക്കായി അനുവദിച്ച തുകയിൽ 19,60,38,000 രൂപ തിരിച്ചടച്ചതിനുള്ള വിശദീകരണം സമിതി ആവശ്യപ്പെട്ടിരുന്നു. ഗതാഗത വകുപ്പിൽനിന്നും മറുപടി ലഭിക്കാത്തതിനാൽ പ്രസ്തുത വിഷയം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

തുക തിരിച്ചടക്കാനുള്ള കാരണമെന്താണെന്ന് സമിതി ആരാഞ്ഞപ്പോൾ 25 കോടി രൂപ അനുവദിച്ചതിൽ 19,60,38,000 രൂപയാണ് തിരിച്ചടച്ചതെന്നും ജി.പി.എസ്. സംവിധാനം, സ്പീഡ് ക്യാമറ സർവെയിലൻസ് സംവിധാനം, റോഡ് സുരക്ഷ, മുട്ടത്തറ, മൂവാറ്റുപുഴ, കോന്നിപ്പള്ളി എന്നീ സ്ഥലങ്ങളിൽ ഡ്രൈവിംഗ് ടെസ്റ്റ് ട്രാക്ക് നിർമ്മാണം എന്നിവയ്ക്കുവേണ്ടിയാണ് തുക അനുവദിച്ചതെന്നും പ്രസ്തുത വർഷം നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുക ചെലവഴിക്കാൻ സാധിക്കാത്തതുകൊണ്ട് തിരിച്ചടച്ചുവെങ്കിലും അടുത്ത വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് പദ്ധതികളെല്ലാം നടപ്പിലാക്കിയതായും ഗതാഗത വകുപ്പ് സെക്രട്ടറി മറുപടി നൽകി.

ഗതാഗത വകുപ്പ് സെക്രട്ടറിയുടെ മറുപടി സമിതി അംഗീകരിച്ചു.

### (9) കേരള അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറിയുടെ നിവേദനം

പ്രസ്തുത നിവേദനം സമിതി പരിഗണനയ്ക്കെടുക്കുകയും ഉചിതമായ നടപടി സ്വീകരിക്കണമെന്ന് ഗതാഗത വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു.

(യോഗം ഉച്ചയ്ക്ക് 12.00 മണിക്ക് പിരിഞ്ഞു)

---